
# ഡി പി ഇ പിയും പുതിയ പാഠ്യപദ്ധതിയും

പി ഗോവിന്ദപ്പിള്ള
സി പി നാരായണൻ



PG
372.2

**dpepyum puthiya padyapadhathiyum** ◆ p govinda pillai, c p narayanan ◆ first edition july 1999 ◆ published by chintha publishers, thiruvananthapuram ◆ distributed by deshabhimani book house ◆ type setting by topline dtp centre, thiruvananthapuram ◆ printed at cine offset printers, muttada.

*cover : bhattathiri* *price: rupees five only*

വിതരണം : **ദേശാഭിമാനി ബുക്ക് ഹൗസ്**

H O തിരുവനന്തപുരം - 695 001

ബ്രാഞ്ചുകൾ : തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം

എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ

Co-729/1299

# ഡി പി ഇ പിയും
# പുതിയ പാഠ്യപദ്ധതിയും

13347

പി ഗോവിന്ദപ്പിള്ള
സി പി നാരായണൻ

PC Library & Research Center

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം – 695 001
വില: 5.00 രൂപ

PG
372.2

## ഉള്ളടക്കം

വിദ്യാഭ്യാസം മെരുക്കലും വിമുക്തിയും ............ 5
പി ഗോവിന്ദപ്പിള്ള

പാഠ്യപദ്ധതിയുടെ സാമൂഹികപ്രസക്തി ........... 23
സി പി നാരായണൻ

# വിദ്യാഭ്യാസം മെരുക്കലും വിമുക്തിയും

പി ഗോവിന്ദപ്പിള്ള

ഇക്കാര്യങ്ങൾ അവിതർക്കിതം എന്നുതോന്നാമെങ്കിലും ചുഴിഞ്ഞാലോചിച്ചാൽ അത്ര ലളിതമല്ലെന്നുകാണാം. എല്ലാ കാലങ്ങളിലേയും വിദ്യാഭ്യാസവ്യവസ്ഥ ആവിഷ്കരിക്കുന്നതും നടത്തിക്കൊണ്ടുപോകുന്നതും ആ കാലഘട്ടത്തിന്റെ ഉത്തമ പ്രതിനിധികളാണ്. അതുകൊണ്ടുതന്നെ അവർ ആവിഷ്കരിക്കുന്ന വിദ്യാഭ്യാസവ്യവസ്ഥയുടെ ലക്ഷ്യം പുതിയ തലമുറയെ നിലവിലുള്ള വ്യവസ്ഥക്ക് അനുഗുണമായി സാമൂഹികവൽക്കരിക്കുക എന്നതാണ്. നിലവിലുള്ള വ്യവസ്ഥയുടെ ആചാരാനുഷ്ഠാനങ്ങളും മൂല്യവ്യവസ്ഥകളും ആദർശലക്ഷ്യങ്ങളും പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കാനും അവരെ ഉത്തമ പൗരന്മാരും പൗരികളുമായി വളർത്തിയെടുക്കാനുമുള്ള ശ്രമമാണതിൽ. 'ഭാവിതലമുറയെ വാർത്തെടുക്കുക' എന്നാവർത്തിച്ചുള്ള പ്രയോഗം കേട്ടിട്ടില്ലേ? പരുക്കനായി പറഞ്ഞാൽ 'സാമൂഹികവൽക്കരണം' എന്നു പറയുന്നത് 'ഡൊമസ്റ്റിക്കേഷൻ' അഥവാ മെരുക്കിയെടുക്കലാണ്.

നിലവിലുള്ള വ്യവസ്ഥക്ക് അനുകൂലമായ മെരുക്കിയെടുക്കലും മിന്നൽവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളുടെ വെല്ലുവിളികളും പരസ്പരം പൊരുത്തപ്പെടുന്നതല്ല. ഈ വൈരുധ്യത്തെ എങ്ങനെ മറികടക്കാൻ കഴിയും എന്നതാണ് ആധുനിക വിദ്യാഭ്യാസ വ്യവസ്ഥ നേരിടുന്ന ദുർഘടപ്രശ്നം. ഭാവിയെയും ഭാവിയുടെ ആവശ്യങ്ങളെയുംകുറിച്ച് എത്രമേൽ ബോധവാന്മാരും ബോധവതികളും ആണെങ്കിലും അവർക്കാർക്കും സമകാലീക പരിമിതികളിൽനിന്ന് പറന്നുയരാൻ കഴിയില്ല. അതുകൊണ്ട് അവർ നൽകുന്ന വിദ്യാഭ്യാസവും മെരുക്കലായി പരിണമിക്കുന്നു.

ഈ മെരുക്കൽ വ്യവസ്ഥയിൽനിന്ന് ഭാവിയിലെ ലോകത്തിന് യോജിച്ച വിമുക്തിയുടെ വിദ്യാഭ്യാസം എങ്ങനെ കെട്ടിപ്പടുക്കാമെന്നാണ് ആധുനിക വിദ്യാഭ്യാസത്തിന്റെ ചിന്തകരെയും പ്രവർത്തകരെയും അലട്ടുന്ന പ്രശ്നം. ഏതാനും ആധുനിക ചിന്തകർ ഈ പ്രശ്നത്തിന് പരിഹാരമായി പല നിർദേശങ്ങൾ മുന്നോട്ടുവെക്കുന്നുണ്ട്. ഇത്തരം നവീനചിന്തയുടെ മിന്നലാട്ടങ്ങൾ രാധാകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട് മുതൽ കോത്താരി കമ്മീഷൻ റിപ്പോട്ട് വരെ പല രേഖകളിൽ കണ്ടെത്താം. എങ്കിലും ഈ വിഷയത്തെ സംബന്ധിച്ച് വളരെ ചിന്തിക്കുകയും പരീക്ഷിക്കുകയും ചെയ്തവരിൽ പ്രമുഖൻ ബ്രസീലിയൻ പുരോഹിതൻ ഫാദർ പൗലോഫ്രെയർ ആണ്. അദ്ദേഹത്തിന്റെ *പെഡഗോജി ഓഫ് ദ ഒപ്രെസ്ഡ്, കൾച്ചറൽ ആക്ഷൻ ഫോർ ഫ്രീഡം* മുതലായ പുസ്തകങ്ങൾ പേരുകേട്ടവയാണ്. അവ വായിക്കുമ്പോൾ അതെല്ലാം നമ്മുടെ പ്രിയപ്പെട്ട ഗുരുജനങ്ങളുടെയും പ്രഭൃതികളുടെയും യാഥാസ്ഥിതിക ഭാവമുഖങ്ങളെ ഖണ്ഡിക്കാനാണോ എഴുതിയത് എന്ന് തോന്നിപ്പോകും. ഉദാഹരണത്തിന് ഗുരുക്കളുടെ 'ആവനാഴി'നിറക്കൽ പ്രയോഗം തന്നെ കണക്കിലെടുക്കുക. പൗലോഫ്രെയർ, ഗുരുക്കളുടെ ആവനാഴി വിദ്യാഭ്യാസത്തിനുപകരം മറ്റൊരു രൂപമാണ് നിർദേശിക്കുന്നത്. ആവനാഴിനിറയ്ക്കൽ വിദ്യാഭ്യാസത്തിന്റെ സ്ഥാനത്ത് വിദ്യാഭ്യാസത്തിന്റെ ബാങ്കിങ്ങ് സിദ്ധാന്തമാണ് അദ്ദേഹം മുന്നോട്ടു വെക്കുന്നത്. നമുക്ക് കാലാകാലങ്ങളിൽ കൈവരുന്ന പണമെല്ലാം ബാങ്കിൽ നിക്ഷേപിക്കുകയും ആവശ്യമനുസരിച്ച് പരീക്ഷ എഴുതാനായാലും ജീവിതപ്രശ്നങ്ങൾ പരിഹരിക്കാനായാലും ചെക്കെഴുതിക്കൊടുത്ത് പണം പിൻവ

ലിക്കാം. ഇപ്പോഴത്തെ മുതലാളിത്തവ്യവസ്ഥയിലെ ചൂഷക-ചൂഷിതവ്യവസ്ഥയിൽ നിലവിലുള്ളത് ഈ ബാങ്കിങ്ങ് ശൈലിയിലുള്ള വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസമെന്നാൽ കുറെയേറെ വസ്തുതകളും വിവരങ്ങളും ശേഖരിച്ച് ആവശ്യത്തിനെടുക്കത്തക്കവിധം (ആവനാഴിയിലെ അമ്പുകൾപോലെ) ശേഖരിച്ചു കൂട്ടുക എന്നതാണ്. പുതിയ ചിന്തയോ പുതിയ ശേഷിയോ പുതിയ അറിവിലേക്കുള്ള അന്വേഷണമോ ഒന്നും ആവശ്യമില്ല. പരമ്പരാഗത സമൂഹം കൈമാറിത്തരുന്ന അറിവിന്റെയും വിവരത്തിന്റെയും അമ്പുകൾ ആവനാഴിയിൽ ശേഖരിക്കുക മാത്രമേ വേണ്ടൂ. ഇതാണ് നിലവിലുള്ള വ്യവസ്ഥയുടെ തൂണുകളും തുരുമ്പുകളുമാകാൻ പരിശീലിപ്പിക്കുന്ന മെരുക്കലിന്റെ വിദ്യാഭ്യാസകല. അതാണ് അമർന്നിരുന്ന് കാണാപ്പാഠം പഠിക്കാൻ ഗുരുക്കൾ നിർദേശിക്കുന്നത്.

## ഗാന്ധിയും മാർക്സും: യോജിപ്പിന്റെ മേഖല

മഹാത്മാഗാന്ധിയും കാൾ മാർക്സും വ്യക്തിത്വത്തിലെന്നപോലെ അഭിപ്രായങ്ങളിലും വ്യത്യസ്തരാണ്. എങ്കിലും അവരിരുവർക്കും ഒരുപോലെയുള്ള മാനവികപക്ഷപാതവും സംക്രമണത്വരയും ചില നിർണായകപ്രശ്നങ്ങളിൽ അവരെ ഒരേ നിലപാടിലെത്തിക്കുന്നു. അങ്ങനെയുള്ള പ്രശ്നങ്ങളിൽ പ്രധാനമാണ് വിദ്യാഭ്യാസം. ഉൽപ്പാദനപ്രവർത്തനങ്ങളിലൂടെ പഠിക്കുക എന്നതാണ് ഇരുവരും ചെന്നുചേർന്ന നിഗമനം. *ഗോഥാപരിപാടിയുടെ വിമർശനം* എന്ന കൃതിയിൽ വിദ്യാഭ്യാസത്തെ കർമവുമായി, പ്രത്യേകിച്ച് ഉൽപ്പാദനകർമവുമായി —ഇക്കാലത്ത് കൂടുതൽ പ്രചരിച്ചുവരുന്ന പദപ്രയോഗപ്രകാരം 'പ്രാക്ടീസ്'— ഘടിപ്പിക്കണം എന്ന് മാർക്സ് നിർദേശിക്കുന്നു. ക്രാഫ്റ്റിൽക്കൂടി, കരകൗശലത്തിൽക്കൂടി പഠിപ്പിക്കുക എന്ന ഗാന്ധിയൻ ആശയം അതുതന്നെ. ഒരു നേരിയ വ്യത്യാസം മാത്രം. മാർക്സ് എല്ലാത്തരം സാങ്കേതിവിദ്യയും അതിന് നിർദേശിച്ചപ്പോൾ ഗാന്ധിജി ചർക്ക, തക്ലി, കലപ്പ തുടങ്ങി താരതമ്യേന പിന്നോക്കാവസ്ഥയിലുള്ള ഉൽപ്പാദനോപാധികളാണ് നിർദേശിച്ചത്. കർമമാണ്, വചനമല്ല ആദ്യമുണ്ടായത് എന്നും വചനം കർമസിദ്ധമാണെന്നുമുള്ള സോഷ്യലിസ്റ്റ് ചിന്തയുടെ ദാർശനികനിലപാടാണിരുവർക്കും. അല്ല, വചനമാണാദ്യം എന്ന വരേണ്യ -സവർണ സിദ്ധാന്തം അവർണനെ തരംതാഴ്ത്തിക്കാണുന്നു.

ഡോ. ഗുരുക്കൾ മുതൽ ഡോ. രവീന്ദ്രൻവരെയുള്ളവർ അടിച്ചുതളിക്കാരെയും കൈവേലക്കാരെയും പുച്ഛിക്കുന്നത് പഴയ സവർണ സംസ്കാരത്തിന്റെ സ്വാധീനം അവരുടെ ബോധതലത്തിലല്ലെങ്കിൽ ഉപബോധതലത്തിലെങ്കിലും മായാത്ത മുദ്ര പതിപ്പിച്ചതുകൊണ്ടായിരിക്കണം. "ഉത്തമം കുശലം, വിദ്യ മധ്യമം കൃഷാ വാണിഭം" എന്ന പരമ്പരാഗത സംസ്കാരംമൂലം, വചനങ്ങൾ അധ്യാപകർ പകർന്നുതരുന്നത് അമർന്നിരുന്ന് ഉരുവിട്ടാൽ വിദ്യാഭ്യാസമായി എന്നവർ ഭ്രമിക്കുന്നു. വിദ്യാർഥി-വിദ്യാർഥിനികൾ സ്വയം നിരീക്ഷിച്ചും ചോദ്യംചെയ്തും വിമർശിച്ചും പരീക്ഷിച്ചും ചുറ്റുപാടിൽനിന്നും പ്രകൃതിയിൽനിന്നും പഠിക്കുന്നത് സഹസ്രബുദ്ധികളെയും മൗലികപ്രതിഭകളെയും വളർത്തുമെന്ന വസ്തുത ഒന്നുകിൽ അവരറിയുന്നില്ല; അല്ലെങ്കിൽ നിലവിലുള്ള വ്യവസ്ഥയുടെ മേലാളരെപ്പോലെ അറിഞ്ഞുതന്നെ വെറുക്കുന്നു.

ഭാവിതലമുറയെ മുൻകൂർ നിർമിച്ച മൂശയിൽ ഉരുക്കിയൊഴിച്ച് വാർത്തെടുക്കാൻ ആർക്കും അവകാശമില്ല. സ്വയം വളരാനും സ്വയം നിർണയാവകാശം നേടാനും അവർക്ക് അരങ്ങും സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കലാണ് വിമോചന വിദ്യാഭ്യാസസമ്പ്രദായത്തിന്റെ കർത്തവ്യം. ഡോ. ഗുരുക്കൾ ആക്ഷേപിക്കുന്നതുപോലെ കാട്ടുവള്ളിപോലെ പടരാൻ വിദ്യാർഥികളെ വിടരുത് എന്നു പറയുമ്പോൾ മറുപടി ഇതാണ്; അവരെ 'ഗ്രീൻ ഹൗസ്' സൃഷ്ടികളായി, രക്തപ്രസാദമില്ലാത്ത, അടങ്ങിയൊതുങ്ങിക്കഴിയുന്നവരോ സമ്പന്നരുടെ സ്വീകരണമുറിയിലെ 'ബോൺസായി'കളോ ആക്കരുത്. വിമോചനവിദ്യാഭ്യാസവും മെരുക്കിയെടുക്കൽ വിദ്യാഭ്യാസവും തമ്മിൽ പൗലോഫ്രെയർ താരതമ്യപ്പെടുത്തുന്നതുകൂടി വായിച്ച് പുതിയ പാഠ്യപദ്ധതിയോ പഴയ കാണാപ്പാഠമോ ശരിയെന്ന് തീരുമാനിക്കുക.

"It is not important whether educators are conscious of following a domestication practice, since the essential point is the manipulative dimension between educators and learners, by which the latter are made passive objects of actions by the former. As passive individuals learners are not invited to participate creatively in the process of their learning; instead they are `filled' by educator's words. Within the cultural framework of this practice, educators

are presented to learners as though the latter were seperated from life, as though language - thought were possible without reality. In such educational practice, the social structures are never discussed as a problem that needs to be revealed. Quite the contrary, these structures are made obscure by like different forms of action that reinforce the learner's false consciousness." (*The politics of education : Culture power and Liberation*, 1985 Massachusetts, page 101-2) (തങ്ങൾ പിന്തുടരുന്ന മെരുക്കൽ വിദ്യാഭ്യാസ സമ്പ്രദായത്തെ കുറിച്ച് ശിക്ഷകർ ബോധവതികളോ ബോധവാൻമാരോ ആണോ എന്നത് പ്രധാനമല്ല. എന്തുകൊണ്ടെന്നാൽ ശിക്ഷകരും ശിഷ്യരും തമ്മിലുള്ള കൈകാര്യകർതൃത്വമാനമാണ് മുഖ്യപ്രശ്നം. ഈ സമ്പ്രദായത്തിൽ ശിഷ്യരെ ശിക്ഷകരുടെ പ്രവർത്തനത്തിന്റെ നിഷ്ക്രിയ വിധേയരായി മാറ്റിത്തീർക്കുന്നു. നിഷ്ക്രിയ വ്യക്തികൾ എന്ന നിലയിൽ അധ്യയന പ്രക്രിയയിൽ സർഗാത്മക പങ്കാളികളാവാൻ അവർ ക്ഷണിക്കപ്പെടുന്നില്ല. അതിന് പകരം ശിക്ഷകന്റെ വാക്കുകൾകൊണ്ട് ശിഷ്യർ 'നിറക്കപ്പെടുക'യാണ്. ഈ സമ്പ്രദായത്തിന്റെ സാംസ്കാരിക ചട്ടക്കൂടിൽ അധ്യേതാക്കൾ ജീവിതയാഥാർഥ്യങ്ങളിൽനിന്ന് വേർപെട്ടവരാണെന്ന രൂപത്തിലാണ് അധ്യാപകർ പ്രത്യക്ഷീഭവിക്കുന്നത്. (കാണുന്നതും പെരുമാറുന്നതും). ഇതുകണ്ടാൽ തോന്നുക ഭാഷ-ചിന്ത (ഭാഷയും ചിന്തയും അവിഭാജ്യ സംയുക്തമാണെന്ന സൂചന) യാഥാർഥ്യബന്ധംകൂടാതെ സാധ്യമാണെന്ന്! ഇത്തരം വിദ്യാഭ്യാസവൃത്തിയിൽ അനാവരണം ചെയ്യപ്പെടേണ്ട ഒന്നായി സാമൂഹ്യഘടന ഒരിക്കലും ചർച്ച ചെയ്യപ്പെടുന്നില്ല. നേരെമറിച്ച് അധ്യേതാക്കളുടെ 'അബദ്ധാവബോധത്തെ' അരക്കിട്ടുറപ്പിക്കാനുതകും പടി വിവിധ വൃത്തിരൂപങ്ങൾകൊണ്ടുമൂടി സാമൂഹ്യഘടനകളെ ദുർഗ്രഹമാക്കിത്തീർക്കുന്നു.)

ഒരുപക്ഷേ ജനകീയ പ്രതിരോധസമിതിയുടെ പ്രക്ഷോഭങ്ങളിൽ കഥയറിയാതെ ആട്ടംകാണാൻ കൂടിയിരിക്കുന്ന കോസലരാമദാസിനും എ കെ രാമകൃഷ്ണനും ഫാ. പൗലോസിനും മഹാകവി ഒളപ്പമണ്ണക്കും മറ്റും ഫ്രെയറുടെ വാദമുഖങ്ങളും പദപ്രയോഗങ്ങളും മനസിലായില്ലെങ്കിലും ഗുരുക്കൾക്ക് മനസിലാകാതിരിക്കാൻ ഇടയില്ലെന്നാണ് എന്റെ വിശ്വാസം. ഗുരുക്കളുടെ ദയാപൂർവമുള്ള ശ്രദ്ധക്കായി അൽപ്പംകൂടി

ഫ്രെയറുടെ ഉദ്ധരണി ചേർത്തുകൊള്ളട്ടെ:

"Education of a liberating character is a process by which the educator invites learners to recognise and unveil reality critically. The domestication practice tries to impart a false consciousness to learners resulting in a facile adaptation to their reality; whereas a liberating practice cannot be reduced to an attempt on the part of the educator to impose freedom on learners.

Although in a domesticating education there is a necessary dichotomy between those who manipulate and those who are manipulated, in an education for freedom there are no subjects who liberate objects who are liberated, since there is no dischotomy between subjects and objects.

The domesticating process is in itself prescriptive; the liberating, the dilogical.

The education for domestication is an act of transfering 'Knowledge', whereas education for freedom is an act of knowledge and a process of transforming action that should be exercised on reality. (Ibid) (യാഥാർഥ്യത്തെ വിമർശനാത്മകമായി അനാവരണം ചെയ്യാനും കണ്ടറിയാനും അധ്യേതാവിനെ അധ്യാപകർ ക്ഷണിക്കുന്ന പ്രക്രിയയാണ് വിടുതലിന്റെ (വിമോചനം) വിദ്യാഭ്യാസം. മെരുക്കൽ സമ്പ്രദായം അധ്യേതാക്കൾക്ക് അബദ്ധാവബോധം പകർന്നുകൊടുത്ത് അവരെ തങ്ങളുടെ യാഥാർഥ്യവുമായി അനായാസം പൊരുത്തപ്പെടുത്തുന്നു. അതേസമയം അധ്യേതാക്കളുടെമേൽ സ്വാതന്ത്ര്യം അടിച്ചേൽപ്പിക്കാനുള്ള അധ്യാപകരുടെ ശ്രമമായി വിടുതൽ വിദ്യാഭ്യാസത്തെ പരിമിതിപ്പെടുത്തിക്കൂടാതാനും.

മെരുക്കൽ വിദ്യാഭ്യാസത്തിൽ കൈകാര്യകർത്താക്കളും കൈകാര്യവിധേയരും തമ്മിൽ ദ്വന്ദഭാവം അനിവാര്യമാണെങ്കിൽ വിടുതൽ വിദ്യാഭ്യാസത്തിൽ വിമോചിപ്പിക്കുന്ന കർത്താക്കളും വിമോചിപ്പിക്കപ്പെടുന്ന വിധേയരും ഉണ്ടാവില്ല. എന്തുകൊണ്ടെന്നാൽ അവിടെ കർത്താവും കർമവും ഭിന്നമല്ല.

മെരുക്കൽ പ്രക്രിയ നിർദേശകവും വിടുതൽ സംവാദാത്മകവുമാണ്.

മെരുക്കൽ വിദ്യാഭ്യാസം 'അറിവി'ന്റെ കൈമാറലാണെങ്കിൽ ഒരു ജ്ഞാനകർമമാണ് അത്. യാഥാർഥ്യത്തിന്റെ മേൽ പ്രയോഗിക്കുന്ന പരിവർത്തനകർമപ്രക്രിയയാണ്.)

പുതിയ വിദ്യാഭ്യാസചിന്തയും കേരളത്തിലെ പുതിയ പാഠ്യപദ്ധതിയും ഡോ. ഗുരുക്കളെപ്പോലുള്ള ഗുരുവരൻമാരെ ബഹിഷ്കരിക്കാനുള്ള ഗൂഢാലോചന ഒന്നുമല്ലെന്ന് ഈ ഉദ്ധരണികൾ ബോധ്യപ്പെടുത്താൻ ഉതകുമോ എന്തോ?

## ആരാണ് ഈ പദ്ധതിയുടെ കർത്താക്കൾ?

തെളിവുകളുടെ തരിമ്പുപോലുമില്ലാതെ കേരളത്തിലെ ഈ പാഠ്യപദ്ധതിയുടെയും പാഠപുസ്തകങ്ങളുടെയും കർത്താക്കൾ ലോകബാങ്ക് ആണെന്ന് അന്വേഷണം കൂടാതെ നിഗമനങ്ങളിൽ എത്തിച്ചേരാനുള്ള സിദ്ധി കൈവന്ന സിദ്ധർ പലരുമുണ്ട്. എന്നാൽ വ്യക്തമായ തെളിവില്ലാതെ ഒന്നും തന്റെ ചരിത്രരചനകളിൽ ഉൾപ്പെടുത്തുക ശീലമില്ലാത്ത ഗുരുക്കളും ഈ സിദ്ധരുടെ പത്രികയിൽ പേരുചേർത്ത് അദ്ദേഹത്തിന്റെ ആരാധകരിൽപ്പെട്ട അസ്മാദൃശരെ അമ്പരപ്പിക്കും. കേരളത്തിലെ ശാസ്ത്രചിന്താപ്രചാരണത്തിലും സമ്പൂർണസാക്ഷരതാ നേട്ടത്തിലും വിദ്യാലയങ്ങളിലെ ശാസ്ത്രാധ്യാപനരംഗത്തും അവിസ്മരണീയമായ പങ്കുവഹിച്ചിട്ടുള്ള കേരളശാസ്ത്രസാഹിത്യപരിഷത്ത് ചുരുങ്ങിയത് 25 വർഷമായിട്ടെങ്കിലും ഇതുപോലൊരു പദ്ധതിക്കുവേണ്ടി വാദിച്ചുവരുന്നുവെന്ന് അവരുടെ പഴയതും പുതിയതുമായ രേഖകൾ പരിശോധിച്ചാൽ ഗുരുക്കൾക്കും ബോധ്യപ്പെടും. നെല്ലും പതിരും വേർതിരിക്കാനുള്ള പാറ്റിക്കൊഴിച്ചിൽപോലെ നിരപരാധികളായ ശിശുക്കളെ യോഗ്യരും അയോഗ്യരുമായി തരംതിരിച്ച് ഭൂരിപക്ഷത്തെ നിത്യനിരാശയിൽ തള്ളുന്ന പരീക്ഷാസമ്പ്രദായം പരിഷ്കരിക്കേണ്ടതാണെന്ന് പുതിയ പാഠ്യപദ്ധതിക്കാർക്കു മുമ്പുതന്നെ എത്രയോ വിദഗ്ധരും കമ്മീഷനുകളും ശുപാർശചെയ്തിരിക്കുന്നു. കാണാപ്പാഠവും ഓർമശക്തി പരീക്ഷിക്കലുമാണ് വിദ്യാഭ്യാസയോഗ്യത നിശ്ചയിക്കാനുള്ള മുഖ്യ മാന

ദണ്ഡം എന്ന പ്രാകൃതധാരണ ഗുരുക്കളുടെ പ്രബന്ധത്തിൽ തികട്ടി ത്തികട്ടി വരുന്നത് വ്യസനകരമാണെന്നല്ലാതെ എന്തുപറയാൻ? പഠി പ്പിക്കാൻ കഴിയാത്ത അധ്യാപകർക്കും വികലമായ അധ്യാപനവ്യവ സ്ഥക്കും നൽകേണ്ട ശിക്ഷ ഇപ്പോൾ കുട്ടികൾക്ക് നൽകിവരുന്ന സമ്പ്ര ദായത്തിന്റെ ക്രൂരത ഹൃദയാലുവായ ഗുരുക്കൾക്ക് മനസിലാവുന്നി ല്ലെങ്കിൽ കഷ്ടം എന്നല്ലാതെ എന്തുപറയട്ടെ!

ലോകബാങ്ക് കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തിലോ പാഠപുസ്തകനിർമിതിയിലോ ഒരുതരത്തിലും ഇടപെട്ടിട്ടില്ല. എം പി പരമേശ്വരൻ, സി പി നാരായണൻ, ഒ എൻ വി കുറുപ്പ്, ജോർജ് ഓണ ക്കൂർ, സി ജി ശാന്തകുമാർ, ഹൃദയകുമാരി, എം എം ബഷീർ, സുകു മാർ അഴീക്കോട്, എസ് ഗുപ്തൻ നായർ തുടങ്ങി സുപരിചിതരായ അധ്യാപകരാണ് എസ് സി ഇ ആർ ടി (സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിങ്) എന്ന സ്ഥാപന ത്തിന്റെ കൈകാര്യകർതൃത്വത്തോടുകൂടി ഈ പാഠപുസ്തകങ്ങളുടെ രചനയിലും പരിശോധനയിലും തെറ്റുതിരുത്തി പരിഷ്കരിക്കുന്നതി ലുമെല്ലാം ഏർപ്പെട്ടിരിക്കുന്നത്. ഒരൊറ്റ ലോകബാങ്ക് ഉദ്യോഗസ്ഥ നെയോ ലോകബാങ്ക് ഉത്തരവിനെയോ ഇവരാരും കണ്ടിട്ടുപോലുമി ല്ല. കേന്ദ്രഗവൺമെന്റ് വിദ്യാഭ്യാസകാര്യങ്ങൾക്കായി കാലാകാലങ്ങ ളിൽ സംസ്ഥാനത്തിനു നൽകിവരുന്ന സഹായധനത്തിലും മറ്റും ലോകബാങ്കിൽനിന്നു കിട്ടിവരുന്ന വായ്പയുടെയോ സഹായധനത്തി ന്റെയോ അംശം ഉണ്ടായിരിക്കാം. കേരളത്തിലെ എഞ്ചിനീയറിങ്ങ്കോ ളേജുകൾക്കും പോളിടെക്നിക്കുകൾക്കും മെഡിക്കൽകോളേജു കൾക്കും ഗവേഷണത്തിനും മറ്റും കേന്ദ്രഗവൺമെന്റ് സഹായം ലഭി ക്കുന്ന തുകകളിലും ഇപ്രകാരം ചില അംശങ്ങൾ കണ്ടേക്കാം. അതു കൊണ്ട് ആ സ്ഥാപനങ്ങൾ അടച്ചുപൂട്ടണമെന്ന് പ്രതിരോധസമിതിക്കാർ പറയുന്നുമില്ല. തീർച്ചയായും നമ്മുടെ കുട്ടികളെ പഠിപ്പിക്കേണ്ട രീതി ഇങ്ങനെയാണെന്നോ പാഠപുസ്തകം അങ്ങനെയാകണമെന്നോ മറ്റോ ഏതെങ്കിലും ബാങ്കുകാരൻ നിർദേശിക്കാൻ വന്നാൽ അത് നമുക്ക് സ്വീകാര്യമാകില്ല; നാമതു സമ്മതിക്കുകയുമില്ല.

ക്ലാസ്മുറിയിലെ അധികാരഘടന അഴിച്ചുപണിയാനും ജനാധി പത്യരീതിയിൽ കുട്ടികളുടെ സ്വതന്ത്രമായ വികാസത്തിന് ഉതകുംവി

ധത്തിലും ശിശുകേന്ദ്രീകൃതമായ ഒരു പദ്ധതിയാണ് കേരളം ഇന്നു നടപ്പാക്കാൻ ശ്രമിക്കുന്നത്. അതിന്റെ പോരായ്മകളും തെറ്റുകളും ചൂണ്ടിക്കാണിച്ച് തിരുത്താൻ ശ്രമിക്കുന്നതിൽ അപാകതയില്ല. എന്നാൽ അജ്ഞതാവിലസിതവും പരിവർത്തനവിരുദ്ധവുമായ ആക്ഷേപങ്ങൾ നിരത്തി ഇതു പരാജയപ്പെടുത്താൻ ശ്രമിക്കുന്നത് വരുംതലമുറയോട് ചെയ്യുന്ന കടുത്ത അപരാധമാണ്. എങ്ങനെയാണ് പുതിയ പാഠ്യപദ്ധതി, ഗണിതം മുതലായ ദുർഗ്രഹവിഷയങ്ങൾ സുഗ്രഹവും മധുരതരവും ആക്കുന്നത് എന്നും പരമ്പരാഗത പാഠ്യപദ്ധതിപ്രകാരം പഠിക്കുന്ന കുട്ടികളേക്കാൾ ഭാഷാനൈപുണി പുതിയ പദ്ധതിപ്രകാരം പഠിക്കുന്ന കുട്ടികൾ നേടുന്നതെങ്ങനെയെന്നും മറ്റും സൈദ്ധാന്തികമായും പ്രായോഗികമായും സമർഥിക്കാൻ കഴിയും. പൊതുവെയുള്ള സൈദ്ധാന്തികപരിഗണനകൾ ചുരുക്കി പരാമർശിക്കുന്ന ഈ കുറിപ്പിൽ അതിനൊന്നും മുതിരുന്നില്ല. അവയെല്ലാം മറ്റൊരു സന്ദർഭത്തിലാകാം. പുതിയ പാഠ്യപദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിദ്യാലയങ്ങളിലെ കുട്ടികൾ ഈ രണ്ടു വിഷയങ്ങളിലും പരമ്പരാഗത വിദ്യാലയങ്ങളിലെ അംഗീകൃതവും അനംഗീകൃതവുമായ ഇംഗ്ലീഷ് മാധ്യമ–വരേണ്യ വിദ്യാലയങ്ങളിൽ ഉൾപ്പെടെയുള്ള വിദ്യാർഥികളെ അതിശയിക്കുന്ന പ്രാവീണ്യം നേടിവരുന്നതായി എനിക്ക് നേരിട്ട് അനുഭവമുണ്ട്. താത്വികവിവാദങ്ങളിൽ ഏർപ്പെടുന്നതിനു മുമ്പ് ഈ വസ്തുത നേരിൽവന്നു പരിശോധിച്ച് ബോധ്യപ്പെടാൻ പ്രതിരോധക്കാരെ ക്ഷണിക്കുന്നു.

ചില ആകസ്മിക കാരണങ്ങളാൽ ഡി പി ഇ പി എന്ന പേരിൽക്കൂടി അറിയപ്പെടുന്ന കേരളത്തിലെ പുതിയ പാഠ്യപദ്ധതിക്കെതിരെ രംഗത്തുവന്നിരിക്കുന്ന വരേണ്യ വിദ്യാഭ്യാസപ്രേമികളുടെയും വിദ്യാഭ്യാസ കച്ചവടക്കാരുടെയും മറ്റു സ്ഥാപിതതാൽപ്പര്യക്കാരുടെയുംകൂടെ എസ് യു സി ഐ എന്നൊരു ചെറിയ ഗ്രൂപ്പും ചേർന്നിട്ടുണ്ട്. ഇന്ത്യൻ ഇടതുപക്ഷപ്രസ്ഥാനത്തിന്റെ 'ഒരു വട്ടൻതൊങ്ങലായ' (ലുണാറ്റിക് ഫ്രിഞ്ച്) എസ് യു സി ഐയെ നാട്ടിലധികമാരും അറിഞ്ഞിട്ടില്ലെങ്കിലും വലിയ ചുമരെഴുത്തു പരസ്യത്തിൽനിന്ന് നാമെല്ലാം അറിഞ്ഞിട്ടുണ്ട്. ഇക്കൂട്ടരെന്താണ് പറയുന്നതെന്ന് നേരിൽ കേൾക്കാൻ കൊല്ലത്തുചേർന്ന അവരുടെ ഒരു യോഗത്തിന്റെ പിൻനിരയിൽ ഞാൻ സ്ഥാനംപിടിച്ചു. അവരുടെ വലിയ നേതാവായി ചുമരെഴുത്തുകളിൽ

കണ്ടു പരിചയമുള്ള ഒരു കൃഷ്ണചക്രവർത്തിയായിരുന്നു മുഖ്യപ്രസംഗകൻ. സി പി ഐ (എം) നെതിരെ അദ്ദേഹം വളരെ വിസ്തരിച്ച് ഉന്നയിച്ച ഒരാക്ഷേപം സി പി ഐ (എം) ജനറൽസെക്രട്ടറി ഹർകിഷൻസിങ്ങ്സുർജീത്തിന് 'താടിയും തലപ്പാവും' ഉണ്ട് എന്നതായിരുന്നു. ഇന്ത്യൻ ജനതക്കും ഇന്ത്യയുടെ ഭാവിക്കും സുർജീത്തിന്റെ താടിയും തലപ്പാവും വരുത്തിയേക്കാവുന്ന ഭീകരഭവിഷ്യത്തിനെപ്പറ്റി ചക്രവർത്തിയുടെ അനർഗളമായ പ്രസംഗം പ്രവഹിച്ചപ്പോൾ എസ് യു സി ഐക്കാർ കരഘോഷം മുഴക്കി.

പിന്നെ ഇവരുടെ യോഗത്തിൽ പോകാൻകഴിയുന്നത് ഈ ഏപ്രിൽ മാസത്തിൽ എറണാകുളം യാത്രാനിവാസിൽ അവർ സംഘടിപ്പിച്ച 'ജനകീയ പ്രതിരോധസമിതി' യോഗത്തിലായിരുന്നു. പുതിയ പാഠ്യപദ്ധതിക്കെതിരെ അവർ സംഘടിപ്പിച്ച യോഗത്തിൽ പതിവുപോലെ പിൻനിരയിൽത്തന്നെ ഞാൻ സ്ഥാനംപിടിച്ചു. എന്റെ ആത്മസുഹൃത്തും പണ്ഡിതശ്രേഷ്ഠനുമായ പ്രൊഫ. എം കെ സാനു അവിടെ വരുന്നുവെന്നു കേട്ടാണ് കേൾക്കാൻ പോയത്. നേരത്തെ പ്രഖ്യാപിച്ചിരുന്ന യോഗസമയത്ത് ചെന്നപ്പോൾ അദ്ദേഹം എത്തിയിട്ടില്ലായിരുന്നു. അത്യാവശ്യം പ്രമാണിച്ച് പുറത്തുപോയി തിരികെവന്നപ്പോഴേക്കും അദ്ദേഹം പ്രസംഗിച്ചുകഴിഞ്ഞ് സ്ഥലംവിട്ടിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ആക്ഷേപം എന്തെന്നറിയാൻ ഞാൻ ഫോൺ ചെയ്തപ്പോൾ സ്വൽപ്പമൊന്നമ്പരന്നു. 'ഡി പി ഇ പിയുടെ ബോധനസമ്പ്രദായം' തനിക്ക് പൂർണമായും സ്വീകാര്യമാണെന്നും അവരുടെ 'ലോകബാങ്ക് ബന്ധ'വും 'ഭാഷാധ്യാപന'ത്തിലെ പോരായ്മയെക്കുറിച്ച് സി രാധാകൃഷ്ണൻ പറയുന്നതു ശരിയാണെങ്കിൽ അതും തിരുത്തേണ്ടതാണെന്നും സാനുമാസ്റ്റർ അറിയിച്ചു.

പുതിയ പാഠ്യപദ്ധതിയിലെ കാതലായ അംശം ബോധനസമ്പ്രദായ പരിഷ്കാരമാണ്. അത് സാനുമാസ്റ്റർക്ക് സ്വീകാര്യമാണെങ്കിൽ വലിയൊരു ആശ്വാസമായി എന്നു ഞാനറിയിച്ചു. ലോകബാങ്കുമായി കേരളത്തിലെ പുത്തൻ പാഠ്യപദ്ധതിക്ക് ബന്ധമില്ലെന്നും കാൽനൂറ്റാണ്ടിനു മുമ്പുതന്നെ ശാസ്ത്രസാഹിത്യപരിഷത്തും പുരോഗാമികളായ വിദ്യാഭ്യാസവിദഗ്ധരും നിർദേശിച്ച കാര്യങ്ങളാണ് ഇപ്പോൾ നടപ്പാക്കാൻ തുടങ്ങിയിട്ടുള്ളതെന്നും ഭാഷാധ്യാപനകാര്യം രാധാകൃഷ്ണൻ

പറഞ്ഞതിന് നേർവിപരീതമാണെന്നും ഈ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു വിദ്യാലയം സന്ദർശിച്ച് പരിശോധിച്ചാൽ മാസ്റ്റർക്ക് ബോധ്യമാകുമെന്നും മറ്റും ഞാൻ അറിയിച്ചു. ശരി, അവയെക്കുറിച്ചെല്ലാം പിന്നീട് സംസാരിക്കാമെന്നും താൻ ഇപ്പറഞ്ഞ കാര്യങ്ങൾ പരിശോധിക്കാമെന്നും സാനുമാസ്റ്റർ സ്വതസിദ്ധമായ മാധുര്യത്തോടെ പറഞ്ഞു. തൽക്കാലം സംസാരം സമാപിച്ചു.

## അറിയാതെയും ആക്ഷേപിക്കാം

സാനുമാസ്റ്ററെപ്പോലെതന്നെ പ്രസിദ്ധരെങ്കിലും ഇപ്രകാരമുള്ള വിഷയങ്ങളിൽ മാസ്റ്ററോളം ആർജവമോ ഗൗരവബോധമോ പ്രകടിപ്പിക്കാതെ മറ്റു ചിലർ പുറത്തുനിന്നെന്നോട് പറഞ്ഞത് "ഈ പാഠപുസ്തകങ്ങളൊന്നും കണ്ടിട്ടേയില്ല" എന്നാണ്. ഡി പി ഇ പിക്കെതിരെ ജനകീയപ്രതിരോധസമിതി ഭംഗിയായി അച്ചടിച്ചിറക്കിയ 1999 ജനുവരിയിലെ ഒന്നാം ബുള്ളറ്റിൻ പരിശോധിച്ചാൽ അതിലെഴുതിയ പലരും കഥയറിയാതെ ആട്ടം കാണുകയാണെന്ന് ആർക്കും ബോധ്യപ്പെടും. ഉദാഹരണത്തിന് എന്റെ ഉത്തമസുഹൃത്തും പുരോഗമനാശയക്കാരനാണെന്നു പേരെടുത്ത പുരോഹിതനുമായ ഫാ. കെ പൗലോസിന്റെ അധ്യക്ഷപ്രസംഗം തന്നെ എടുക്കുക. (1998 ഒക്ടോബർ 23-ന് ഇതു സംബന്ധിച്ച ഒരു ഏകദിന സെമിനാറിലെ രേഖകളും പ്രസംഗങ്ങളുമാണ് ഈ ഒന്നാം നമ്പർ ബുള്ളറ്റിനിലുള്ളത്). ഈ വിവാദവിഷയം പച്ചമരുന്നോ അങ്ങാടിമരുന്നോ എന്ന് പുള്ളിക്കാരൻ ധരിച്ചതായി തെളിവില്ല. അതിലെ മറ്റൊരു ലേഖകനായ തിരുനെല്ലൂർ കരുണാകരൻ ഇപ്രകാരം അടച്ചാക്ഷേപിക്കുന്നു.

> ന്യൂനതകൾ പലതുമുണ്ടെങ്കിലും കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസം അനുക്രമം പുരോഗമിച്ചുവരികയായിരുന്നു. അതിന്റെ എല്ലാ നല്ലവശങ്ങളും ഒറ്റയടിക്കു തകർക്കുന്നതാണ് ഡി പി ഇ പി എന്ന്, പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും അധ്യാപനരീതിയും പരിശോധിച്ചാൽ പകൽപോലെ വ്യക്തമാകും.

നമ്മുടെ പ്രിയപ്പെട്ട അനുഗൃഹീത കവിയും പണ്ഡിതനുമായ തിരുനെല്ലൂർ അദ്ദേഹത്തിന് 'പകൽപോലെ വ്യക്തമായ' കാര്യങ്ങൾ

അന്തിമയങ്ങുന്നനേരത്തെ വെളിച്ചംപോലെയെങ്കിലും അദ്ദേഹത്തിന്റെ ആരാധകരായ നമുക്ക് വ്യക്തമാക്കിത്തരാൻ മെനക്കെടാതെ, തന്റെ പേരിന്റെ പ്രശസ്തി പാകംപോലെ ഉപയോഗിക്കാൻ പ്രതിരോധസമിതിക്കാർക്ക് അവസരം നൽകിയിരിക്കുകയാണ്. പഴയ ഇടതുപക്ഷ വിപ്ലവകാരിയായ കെ പി കോസലരാമദാസ് ഇക്കാര്യത്തെക്കുറിച്ചുള്ള തന്റെ അറിവില്ലായ്മ സത്യസന്ധതയോടെ ഏറ്റുപറയുന്നുണ്ടെങ്കിലും അറിവിന്റെ ഈ പരിമിതിയൊന്നും അദ്ദേഹത്തിന്റെ അധിക്ഷേപത്തിന് ലോപം വരുത്തുന്നില്ല. ഇനിയുമുണ്ട് പാലാ നാരായണൻനായരെപ്പോലുള്ള വന്ദ്യവയോധികരും നന്ദിയോട് രാമചന്ദ്രനെപ്പോലുള്ള ആർ എസ് പി സൈദ്ധാന്തികരും. ഇതിനൊക്കെ മറുപടിയെഴുതാൻ നടക്കുന്നതിനേക്കാൾ ഫലപ്രദം അവയുടെ കുറേപ്രതികൾ അഞ്ചുരൂപവെച്ച് വാങ്ങി വിതരണം ചെയ്യുകയാണെന്ന് എനിക്കുതോന്നി. പത്തുപതിനഞ്ചെണ്ണം വാങ്ങി വിതരണം ചെയ്ത് പ്രതിരോധസമിതിയെ ഞാൻ സഹായിക്കുകയും ചെയ്തു.

## ഗുരുക്കൾക്കും സ്ഥലജലഭ്രമം

കോട്ടയം സെമിനാറിൽ മുഖ്യപ്രബന്ധം അവതരിപ്പിച്ച പ്രശസ്ത ചരിത്രപണ്ഡിതനായ ഡോ. രാജൻഗുരുക്കളെ ലാഘവബുദ്ധിയോടെ ഗൗരവമുള്ള കാര്യങ്ങൾ കൈകാര്യംചെയ്യുന്ന പരാമൃഷ്ട പണ്ഡിതന്മാരെപ്പോലെ കരുതാനാവില്ലല്ലോ. പുരോഗമനവാദിയും പണ്ഡിതശ്രേഷ്ഠനുമായ രാജൻഗുരുക്കൾക്ക് എന്നേക്കാൾ പ്രായം വളരെ കുറവാണെങ്കിലും ഗുരുക്കളെ ചരിത്രശാസ്ത്രത്തിലും മറ്റും ഗുരുകൽപ്പനായിട്ടാണ് ഞാൻ കരുതുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ പ്രബന്ധത്തിലെ പല പരാമർശങ്ങളും എന്നെ വല്ലാതെ വിസ്മയിപ്പിച്ചു. ഉദാഹരണത്തിന് മഹാനായ ഫാസിസ്റ്റ് വിരുദ്ധ രക്തസാക്ഷിയും 20-ാം നൂറ്റാണ്ടിലെ മാർക്സിസ്റ്റ് വിജ്ഞാനത്തിൽ ലെനിനും മൗനും സമശീർഷനായി കരുതപ്പെടാവുന്ന മൗലികപ്രതിഭയുമാണ് ഇറ്റലിക്കാരനായ അന്തോണിയോ ഗ്രാംഷി. വിദ്യാഭ്യാസത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ *കാരാഗൃഹക്കുറിപ്പുകളിൽ* പ്രതിപാദിക്കുന്ന അടിസ്ഥാന ആശയങ്ങളൊന്നുമല്ല രാജൻ ഗുരുക്കളെ ആകർഷിക്കുന്നത്. ഫാസിസ്റ്റ്

സ്വേച്ഛാധിപതി ബെനിറ്റോ മുസോളിനിക്കുവേണ്ടി ബെനെദെത്തോ ക്രോച്ചെയും ഗിയോവന്നി ജൻറയിലും ആവിഷ്കരിച്ച വിദ്യാഭ്യാസപദ്ധതിയെ വിമർശിക്കുമ്പോൾ, സന്ദർഭവശാൽ അതിനുമുമ്പ് ഇറ്റലിയിൽ നിലവിലിരുന്ന വിദ്യാഭ്യാസ വ്യവസ്ഥയെക്കുറിച്ചുള്ള ഗ്രാംഷിയുടെ പരാമർശമാണ് ഗുരുക്കൾ കയറിപ്പിടിക്കുന്ന വൈക്കോൽതുരുമ്പ്. ഗുരുക്കൾ പറയുന്നു:

> ജൻ്റയിലും ക്രോച്ചെയും ചേർന്നു കരുപ്പിടിപ്പിച്ച പുതിയ വിദ്യാഭ്യാസപദ്ധതി ധൃതിയിൽ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കെ അതിനെക്കുറിച്ചുള്ള പത്രവാർത്തകൾ ജയിലിൽവെച്ച് വായിച്ചറിയാൻ സാധിച്ച പ്രശസ്ത വിപ്ലവകാരി അന്തോണിയോ ഗ്രാംഷി തനിക്കുതോന്നിയ പ്രതികരണങ്ങൾ അദ്ദേഹത്തിന്റെ പ്രിസൺ നോട്ട്സിൽ കുറിച്ചുവെച്ചു. ജൻറയിൽ –ക്രോച്ചെ വിദ്യാഭ്യാസ പരിഷ്കാരത്തെപ്പറ്റി ഗ്രാംഷി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഒരുവേള ഡി പി ഇ പിയുടെ വിവരം വായിച്ച് എഴുതിയതാണോ എന്നും തോന്നും.

എന്തുകൊണ്ടാണ് അങ്ങനെ പണ്ഡിതനായ ഗുരുക്കൾക്ക് തോന്നിയതെന്നോ? നിലവിലുള്ള "സാമ്പ്രദായിക വിദ്യാഭ്യാസത്തിന്റെ യാന്ത്രികത"യെ ജൻറയിലും ക്രോച്ചെയും വിമർശിച്ചു. ഇപ്പോഴത്തെ കേരളത്തിലെ പാഠ്യപദ്ധതിയും പരിഷ്കർത്താക്കളും നിലവിലുള്ള സാമ്പ്രദായിക വിദ്യാഭ്യാസത്തിന്റെ യാന്ത്രികതയെ വിമർശിക്കുന്നു. അപ്പോൾപ്പിന്നെ ക്രോച്ചെയുടെയും ജൻറയിലിന്റെയും വിമർശനത്തെ അതുപോലെ ആവർത്തിക്കുകയല്ലേ കേരളത്തിലെ പരിഷ്കർത്താക്കൾ ചെയ്യുന്നത്? അപ്പോൾപ്പിന്നെ ക്രോച്ചെയുടെയും ജൻറയിലിന്റെയും വിദ്യാഭ്യാസ ആശയങ്ങളെ വിമർശിച്ച ഗ്രാംഷിയുടെ പരാമർശങ്ങൾ കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കർത്താക്കൾക്കും ബാധകമാണെന്നതിൽ എന്തുസംശയം? കേരളത്തിലെ പരിഷ്കർത്താക്കളും സാമ്പ്രദായിക യാന്ത്രികതയെ എതിർക്കുന്നവരാണല്ലോ. ഇത്ര ലളിതമായ ഒരു സമവാക്യം മനസിലാക്കാൻ അൽപ്പബുദ്ധികൾക്ക് കഴിയുന്നില്ലല്ലോ എന്ന് ബുദ്ധിമാനായ നമ്മുടെ സുഹൃത്ത് സഹതപിക്കുന്നുണ്ടാകണം.

## ഗ്രാംഷിയുടെ സാമ്പ്രദായികത്വം

അന്തോണിയോ ഗ്രാംഷിയുടെ *തടവറക്കുറിപ്പുകൾ* വായിക്കുമ്പോൾ ഓർത്തിരിക്കേണ്ട ചില പ്രധാന സംഗതികളുണ്ട്. അവയിലേറ്റവും പ്രധാനം അദ്ദേഹത്തിന്റെ ചില പദപ്രയോഗങ്ങളും തെറ്റിദ്ധാരണക്കിടകൊടുക്കാവുന്ന ചില അഭിപ്രായപ്രകടനങ്ങളുമാണ്. ജയിൽ അധികൃതരെയും മറ്റു സെൻസർഷിപ്പ് ഉദ്യോഗസ്ഥരെയും കബളിപ്പിക്കത്തക്കവിധത്തിലുള്ള പല പ്രയോഗങ്ങളും പരാമർശങ്ങളും ഗ്രാംഷി നടത്താറുണ്ട്. അവയിലൊന്നാണ് 'സബാൾട്ടേൺ' എന്ന പ്രയോഗം. അധഃസ്ഥിതവർഗമെന്നും അധ്വാനിക്കുന്ന വർഗമെന്നും 'പ്രോലിറ്റേറിയറ്റ്' എന്നും മറ്റും അക്കാലത്ത് സോഷ്യലിസ്റ്റ് സാഹിത്യങ്ങളിലും സംവാദങ്ങളിലും പ്രചുരപ്രചാരം നേടിയിരുന്ന പദപ്രയോഗങ്ങൾ ഉപേക്ഷിച്ചാണ് സെൻസർമാരെ പറ്റിക്കാൻ അദ്ദേഹം 'സബാൾട്ടേൺ' എന്ന പദം ഉപയോഗിച്ചുവന്നത്. പിൽക്കാലത്ത് ഗ്രാംഷിയൻ ചിന്തയിലെ ഒരു പ്രധാനപ്രയോഗം എന്ന നിലയിൽ ഈ വാക്കിന് പുതിയ ചില അർഥങ്ങൾ വാർന്നുവീണെങ്കിലും അതാദ്യം പ്രയോഗിക്കുമ്പോൾ അദ്ദേഹം അത്രയൊന്നും കരുതിയിരുന്നില്ല.

ഇതുപോലെ പല വാക്കുകളും സെൻസർമാരുടെ കണ്ണിൽപൊടിയിടാൻ പാകത്തിൽ ഗ്രാംഷി പ്രയോഗിച്ചിട്ടുണ്ട്. അങ്ങനെ വാക്കുകൾ മാത്രമല്ല, ചിലപ്പോൾ ആശയങ്ങൾതന്നെ സെൻസർമാരെ കബളിപ്പിക്കാനും അതുവഴി കൂടുതൽ പ്രധാനപ്പെട്ട വാദമുഖങ്ങൾ സ്ഥാപിക്കാനുംവേണ്ടി ഗ്രാംഷി തിരുകിക്കയറ്റാറുണ്ട്. പഴയ വിദ്യാഭ്യാസരീതിയെ അനുകൂലിക്കുന്നുവെന്നമട്ടിൽ ഇവിടെ എഴുതിച്ചേർത്തിരിക്കുന്നതും ഇത്തരത്തിലൊരു സൂത്രപ്പണിയാണ്. *പ്രിസൺ നോട്ട്ബുക്സിന്റെ* വിവർത്തകരും എഡിറ്റർമാരുമായ പ്രഗത്ഭ ഗ്രാംഷി പണ്ഡിതരായ ക്വിൻറ്റിൻ ഹോറും ജിയോഫ്രി നോവൽസ്മിത്തും വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഗ്രാംഷിയൻ കുറിപ്പുകൾക്കുള്ള മുഖവുരയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"The apparently 'conservative' eulogy of the old curriculum in fact often represents a devise which allowed Gramsci to circumvent the prison censor, by distinguishing the future (deal sys-

tem) as the past in order to criticise the present." (*Selections from the prison Note books*, New York, 1975, p. 24) (വർത്തമാനകാലത്തെ വിമർശിക്കുന്നതിന് ഭാവിയെ (മാതൃകാ വ്യവസ്ഥയെ) ഭൂതകാലമായി വേഷം മാറ്റി അവതരിപ്പിച്ച് ജയിൽ സെൻസറെ മറികടക്കാനുള്ള ഗ്രാംഷിയുടെ അടവായിരുന്നു പഴയ പാഠ്യപദ്ധതിയെ യാഥാസ്ഥിതികപക്ഷത്തുനിന്നും പ്രകീർത്തിക്കുന്നതായി തോന്നാവുന്ന പരാമർശം).

അതായത് യാഥാസ്ഥിതിക വിദ്യാഭ്യാസ സമ്പ്രദായത്തെ പ്രശംസിക്കുന്നതായി തോന്നുന്ന ഗ്രാംഷിയുടെ പരമാർശം വാസ്തവത്തിൽ സെൻസർമാരെ കബളിപ്പിക്കാനുള്ള അടവായിരുന്നു എന്ന് ചുരുക്കം. ഗ്രാംഷിയുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അടിസ്ഥാനചിന്തകളും ജൻറയിൽ–ക്രോച്ചെ ഫാസിസ്റ്റ് പരിഷ്കാരത്തെക്കുറിച്ചുള്ള വിമർശനവും വിവരിക്കാനുള്ള ഒരു ആമുഖമായിരുന്നു ഈ അടവ്. കേരളത്തിലെ നിലവിലുള്ളതും പഴയതുമായ വിദ്യാഭ്യാസസമ്പ്രദായത്തെ ന്യായീകരിക്കാനുള്ള തത്രപ്പാടിൽ ഗ്രാംഷിയെ സാക്ഷ്യപ്പെടുത്തിയപ്പോൾ ഈ കബളിപ്പിക്കൽ പ്രസ്താവനയാണ് ഡോക്ടർ ഗുരുക്കൾക്ക് കൈവന്നത്. ഗ്രാംഷിയൻ കുറിപ്പുകളുടെ ഗതിവിഗതികളും അതിലെ ആവിഷ്കാരതന്ത്രങ്ങളും അറിയാത്തയാളല്ല പണ്ഡിതനായ ഡോ. ഗുരുക്കൾ. എന്നാൽ, സാമ്പ്രദായിക വിദ്യാഭ്യാസത്തോടുള്ള അടക്കാനാവാത്ത അഭിനിവേശം എങ്ങനെയോ അദ്ദേഹത്തിന്റെ തലയിൽ കയറിപ്പറ്റിയതുമൂലം ഗ്രാംഷിയൻ രചനകളുടെ ഈ ദുർഘട സ്വഭാവം അദ്ദേഹത്തിന് ഓർമയിൽ വന്നില്ലെന്നുമാത്രം.

## സാമ്പ്രദായാഭിനിവേശം

ഈ ഉൽക്കടമായ സാമ്പ്രദായികാഭിനിവേശത്തിന്റെ ഇരുൾ എത്രമാത്രം ഗുരുക്കളുടെ കണ്ണിൽ കയറിയെന്നതിന് ആ പ്രബന്ധത്തിലെ മറ്റൊരു പരാമർശം തെളിവായി ഉദ്ധരിക്കാം:

> മനഃപാഠമാക്കലാണല്ലോ വലിയ അധ്വാനമായി കരുതപ്പെടുന്നത്. ദുർഗ്രഹങ്ങളായ തത്വങ്ങൾ ഉൾക്കൊള്ളലും അധ്വാനംതന്നെ. പക്ഷേ അതാണു വിദ്യാഭ്യാസം. കാണാപ്പാഠ

ങ്ങൾ വേണം. അടിസ്ഥാനപാഠങ്ങൾ മനഃപാഠമാക്കിയുള്ള സാമ്പ്രദായികശിക്ഷണത്തിൽ പഠിച്ചുവന്ന ആളുകളുടെ സമൂഹമാണ് നമുക്ക് ഒരു നീലകണ്ഠനെ നൽകിയത്. ആ സമൂഹത്തിലാണ് ഒരു മാധവനും പുതുമന സോമയാജിയും ഉണ്ടായത്. 15-ാം നൂറ്റാണ്ടിലും 16-ാം നൂറ്റാണ്ടിലും കേരളത്തിലെ ഗണിതശാസ്ത്രം ടെയ്‌ലർ സീരിസിന്റെ അപ്പുറത്തേക്കു പോയിരുന്നു. ഗ്രിഗറി സീരിസിനോ ടെയ്‌ലർ സീരിസിനോ ലീബ്നിസ് സീരിസിനോ മുന്നൂറുവർഷം മുമ്പ് അവർക്ക് കാൽക്കുലസ് ഇല്ലാതെ സങ്കീർണഗണിതശാസ്ത്ര സമസ്യകൾ പരിഹരിക്കാൻ കഴിഞ്ഞിരുന്നു. ഒരു ഘട്ടത്തിൽ വേദ-വേദാംഗങ്ങളുടെ ജടയും രഥയും മനസിൽ ആവർത്തിച്ചുറപ്പിച്ച്, അടിയിൽനിന്നു മുകളിലേക്കും മുകളിൽനിന്നു താഴോട്ടും സാധകം ചെയ്ത് അങ്ങേയറ്റം യാന്ത്രികമായി വിദ്യയഭ്യസിപ്പിച്ച സമൂഹത്തിന് ഒരു നീലകണ്ഠനെയും മാധവനെയും പുതുമന സോമയാജിയെയും സൃഷ്ടിക്കാമെങ്കിൽ ആ ശിക്ഷണത്തിനും എന്തോ പ്രാധാന്യമില്ലേ? ആവനാഴികൾ നിറക്കുന്ന പ്രാഥമികശിക്ഷണം കൂടിയേ തീരൂ.

ഡോ. ഗുരുക്കളുടെ നീണ്ട പ്രബന്ധത്തിലെ ഒരു ചെറിയ ഖണ്ഡിക മാത്രമാണ് ഇതെങ്കിലും, അദ്ദേഹത്തിന്റെ വികാരവിചാരങ്ങളുടെ ഒരു വിലപ്പെട്ട ഖനിതന്നെയാണ് ഈ ഖണ്ഡിക, *കരണപദ്ധതി* കർത്താവ് പുതുമന സോമയാജിയെയും *തന്ത്രസംഗ്രഹകാരൻ* നീലകണ്ഠനെയും ന്യൂട്ടന് മൂന്ന് നൂറ്റാണ്ടുമുമ്പ് 'സൈൻ കോസൈൻ' പരമ്പരയാവിഷ്കരിച്ച സംഗമഗ്രാമത്തിലെ മാധവനെയും കുറേക്കൂടി നീട്ടി പറഞ്ഞാൽ തുഞ്ചനെയും കുഞ്ചനെയും നാരായണഗുരുവിനെയും ആശാനെയുമൊക്കെ സൃഷ്ടിച്ച വിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കണമെന്ന് പറയുന്നതേ പാപമല്ലേ? അരിസ്റ്റോട്ടിലിനെയും പ്ലേറ്റോയെയും പിൽക്കാലത്ത് അക്വിനാസിനെയും ബേക്കണെയും ഷേക്സ്പിയറെയും സൃഷ്ടിച്ച പൗരാണിക-മധ്യകാല വിദ്യാഭ്യാസ വ്യവസ്ഥകൾ പരിഷ്കരിക്കാൻ നവോത്ഥാന കാലത്തിനുശേഷം യൂറോപ്യർ തുനിഞ്ഞത് പൂജ്യപൂജാവ്യതിക്രമവും വിവേകശൂന്യമായ ധിക്കാരവുമായിരുന്നില്ലേയെന്നുകൂടി ഗുരുക്കൾ ചോദിക്കാതിരുന്നത്

നമ്മുടെ ഭാഗ്യം. ഇനി നാം മഹോന്നതരായ പൂർവസൂരികൾക്ക് ജന്മം നൽകിയ സവർണാധിപത്യവ്യവസ്ഥയിലേക്കും സവർണവിദ്യാഭ്യാസ സമ്പ്രദായത്തിലേക്കും തിരിച്ചുപോകേണ്ടതാണ് എന്നുകൂടി ഗുരുക്കൾ നിർദേശിക്കാത്തത് അതിലും വലിയ ഭാഗ്യം.

## പ്രതിഭയുടെ പ്രഥമപാഠം

യുഗപ്രഭാവരായ പൂർവസൂരികൾക്ക് ജന്മംനൽകിയ പൂർവവ്യവസ്ഥകൾക്ക് പോറലേൽപ്പിക്കരുതെന്ന വാദം പ്രഥമശ്രവണത്തിൽത്തന്നെ പിശകാണെന്ന്, പറയുന്നവർക്കുപോലും ബോധ്യമാകും. പക്ഷേ അതിൽ അടങ്ങിയിരിക്കുന്ന പൂർവസങ്കൽപ്പം നമ്മുടെ ചർച്ചയിൽ പ്രസക്തമാണ്. ഗുരുക്കൾ പറയുന്നതുപോലെ അമർന്നിരുന്ന് കാണാപ്പാഠം പഠിച്ചാണ് ഈ സൂരികൾ നിലവിലുള്ള അറിവിന്റെ പരിധിയെ മറികടന്ന് പുതിയ അറിവിന്റെ മേഖലകൾ കണ്ടെത്തിയത്. യുഗപ്രഭാവരായ മനീഷികളുടെ ബൗദ്ധികവളർച്ചയുടെ ചരിത്രം പഠിക്കുന്നവർക്ക്, അമർന്നിരുന്ന് കാണാപ്പാഠം പഠിക്കലല്ല അവരെ പുതിയ അറിവിന്റെ ആവിഷ്കർത്താക്കളാക്കിയത് എന്ന് മനസിലാക്കാൻ കഴിയും. ഐൻസ്റ്റൈൻ ഒരു ശരാശരി വിദ്യാർഥിയായി മാത്രം വിദ്യാലയങ്ങളിൽ പരിഗണിക്കപ്പെട്ടിരുന്നത് അദ്ദേഹത്തിന് ശരാശരി ബുദ്ധിമാത്രം ഉണ്ടായിരുന്നതുകൊണ്ടല്ല, നിലവിലിരുന്ന ശരാശരി വിദ്യാർഥികളുടെയും ശരാശരി അധ്യാപകരുടെയും ശരാശരി വിജ്ഞാനം ഉൾക്കൊള്ളാൻ കഴിയാതിരുന്നതുകൊണ്ടാണ്. ശരാശരിക്കപ്പുറമുള്ള വലിയ പുതിയ ശരികളെ തേടുന്ന പ്രതിഭ അദ്ദേഹത്തിന് സ്വായത്തമായിരുന്നതുകൊണ്ടാണ്. പുതുമന സോമയാജിയും അങ്ങനെ നിലവിലുള്ള വിജ്ഞാനപരിധികളെല്ലാം ലംഘിച്ചിരിക്കാം. അല്ലാതെ 'അമർന്നിരുന്ന്' കാണാപ്പാഠം പഠിച്ചതുകൊണ്ടായിരിക്കില്ല *കരണപദ്ധതി* എഴുതാൻ ആവശ്യമായ അറിവും ശേഷിയും നേടിയത്. പരമ്പരാഗതമായ ശൈലിയിൽ അമർന്നിരുന്ന് ഋഗ്വേദം മേലോട്ടും കീഴോട്ടും കാണാപ്പാഠം പഠിക്കുക മാത്രമാണ് ചെയ്തിരുന്നതെങ്കിൽ ഇ എം എസ് നമ്പൂതിരിപ്പാടും നാമറിയുന്ന ഇ എം എസാകുകയില്ലായിരുന്നു. ഈ അമർന്നിരുന്നുള്ള ഓത്തുചൊല്ലലും കാണാപ്പാഠവും തുടർന്നിരുന്നുവെങ്കിൽ താനെന്തായിത്തീരുമായിരുന്നുവെന്ന് ഇ എം എസ് *ആത്മകഥ*യിൽ ഇങ്ങനെ ചോദിക്കുന്നുണ്ട്:

ഈ രീതിയിൽ തന്നെ മുമ്പോട്ടുപോയാൽ എനിക്കും ഒരു ഓത്തനാകാം. കടവല്ലൂരന്ന്യോന്ന്യത്തിനുപോയി പ്രശസ്തനാവാം. കാവ്യനാടകാലങ്കാരങ്ങളും ശാസ്ത്രങ്ങളും പഠിച്ച് പണ്ഡിതനാകാം. അങ്ങനെയൊക്കെ ഞാൻ വളർന്നുകാണണമെന്നാണ് അമ്മയും ഗുരുനാഥനും തീർച്ചയായും ആഗ്രഹിച്ചിരുന്നത്. എനിക്കുതന്നെ ആ കാഴ്ചപ്പാട് ഉണ്ടാവത്തക്ക അന്തരിക്ഷമാണവർ സൃഷ്ടിച്ചത്.

ഈ ഓത്തൻ പാരമ്പര്യത്തെയും അത് നൽകുന്ന കൈമാറിക്കിട്ടിയ വിജ്ഞാനത്തെയും മറികടക്കാനുള്ള പ്രവണത ചെറുപ്പത്തിലേ കൈവന്നതുകൊണ്ടാണ് ഇ എം എസ് പഴമക്കെതിരെയുള്ള പുതുമയുടെ വക്താവും പ്രയോക്താവുമായിത്തീർന്നത്. സോമയാജിയും നീലകണ്ഠനും മാധവനും എഴുത്തച്ഛനും തുഞ്ചനും കുഞ്ചനും കുമാരനാശാനും എല്ലാം അത്തരം അതിർത്തിലംഘകരായിരുന്നു. അതിപ്രതിഭാശാലികൾക്ക് ഏതുകാലത്തും ഏതു വ്യവസ്ഥയിലും അതിർത്തികളുടെ ലംഘകരാകാൻ കഴിയും. ഈ കഴിവ് ലഭിക്കാതെ പോകുന്നവരും ലഭിച്ചാൽതന്നെ പൂർത്തീകരിക്കാൻ കഴിയാത്തവരുമുണ്ട്. അങ്ങനെ സംഭവിക്കാനുള്ള മുഖ്യകാരണം സമൂഹവും വിദ്യാഭ്യാസവ്യവസ്ഥയും കെട്ടിയുയർത്തുന്ന പ്രതിബന്ധങ്ങൾതന്നെ. അങ്ങനെയുള്ളവരെ ലക്ഷ്യമാക്കി മറ്റനേകം ശരാശരിക്കാരെ ശരാശരിയിൽനിന്നുയർത്താനാണ് പുരോഗമനോന്മുഖ വിദ്യാഭ്യാസപ്രവർത്തനം ശ്രമിക്കുന്നത്. പ്രതിഭാവികാസത്തിന്റെ ഈ പ്രഥമപാഠം ഡോ. ഗുരുക്കൾ വിസ്മരിക്കുന്നു.

വിദ്യാർഥികളുടെ പ്രവേശം (1973–1998)

| വർഷം | എൽ പി | യു പി | എച്ച് എസ് | ആകെ |
|---|---|---|---|---|
| 1975 | 2764351 | 1545505 | 915849 | **5225705** |
| 1980 | 2590799 | 1651268 | 1255275 | **5497342** |
| 1985 | 2528309 | 1787993 | 1364774 | **5681076** |
| 1990 | 2527068 | 1899598 | 1456050 | **5882716** |
| 1995 | 2251982 | 1839185 | 1626178 | **5717345** |
| 1998 | 2078207 | 1761045 | 1597839 | **5437091** |

അവലംബം: എക്കണോമിക് റിവ്യൂ. 1998. സംസ്ഥാന ആസൂത്രണബോർഡ്

# പാഠ്യപദ്ധതിയുടെ സാമൂഹിക പ്രസക്തി

സി പി നാരായണൻ

കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കാരം നടക്കുന്നത് ലോകമാകെ ഒരു പതിറ്റാണ്ടോളമായി നടന്നുവരുന്ന ഇത്തരം പരിഷ്കാരങ്ങളുടെ പശ്ചാത്തലത്തിലാണ്. ഇതിന് രണ്ടു ഘടകങ്ങളുണ്ട്. 1960–കൾക്കുശേഷം ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ, വിവരസാങ്കേതികവിദ്യ എന്നിവയുടെ രംഗപ്രവേശം വ്യവസായ–സേവനമേഖലകളിലും ബയോടെക്നോളജിയിലും മറ്റു പ്രാഥമിക മേഖലയിലും വരുത്തിയതും വരുത്തിക്കൊണ്ടിരിക്കുന്നതുമായ അഭൂതപൂർവമായ മാറ്റങ്ങൾ. തൽഫലമായി തൊഴിലെടുക്കുന്നവരുടെ പുതിയ തലമുറക്ക് പുതിയ വിജ്ഞാനവും പുതിയ നൈപുണികളും സ്വായത്തമാക്കേണ്ടതുണ്ട്. മനുഷ്യരിലും അവരുടെ ചുറ്റുപാടിലും വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളാണ് രണ്ടാമത്തെ ഘടകം. ജനാധിപത്യം എല്ലാ രാജ്യങ്ങളിലും — വ്യത്യസ്തതോതുകളിലും രീതികളിലും ആണെങ്കിലും — സമൂഹജീവിത

ത്തിന്റെ സമസ്തമണ്ഡലങ്ങളുടെയും അവിഭാജ്യഘടകമായിവരികയാണ്. രണ്ടാം ലോകയുദ്ധത്തിനുശേഷം സ്വാതന്ത്ര്യംനേടിയ രാജ്യങ്ങളിൽ മുതലാളിത്തപൂർവ സാമൂഹിക വ്യവസ്ഥയുടെ അവശിഷ്ടങ്ങൾ പ്രബലമായതിനാൽ ജനാധിപത്യത്തിന് നാനാമണ്ഡലങ്ങളിൽ വേരോട്ടം ഉണ്ടായിവരുന്നതേയുള്ളു. കേന്ദ്രീകരണത്തിന്റെ വരിഞ്ഞുകെട്ടൽ മൂലം പ്രാദേശികമായ വിവിധ പരിഗണനകൾ അവഗണിക്കപ്പെടുന്നു. ഇതു ശരിക്കും പറഞ്ഞാൽ ജനാധിപത്യനിഷേധമാണ്. അത് ആ സമൂഹത്തിൽ അസ്വാസ്ഥ്യം വളർത്തുന്നു.

ജനാധിപത്യഭരണരീതി ഏറെക്കാലമായി നിലനിൽക്കുന്ന സമൂഹങ്ങളിലുമുണ്ട് ഇത്തരം പ്രശ്നങ്ങൾ. സ്ത്രീകൾ, ചില വംശീയ ജനവിഭാഗങ്ങൾ മുതലായവർക്ക് അവിടങ്ങളിൽ തുല്യത ലഭിക്കുന്നില്ല. അതിനേക്കാൾ രൂക്ഷമാണ് മനുഷ്യനും ചുറ്റുപാടും തമ്മിലുള്ള ബന്ധത്തിൽ അടുത്തകാലത്തായി ഉളവായ ഏങ്കോണിപ്പുകൾ. പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും ഗുരുതരമായ നാശം ഉളവാക്കുന്ന സാർവദേശീയ പ്രശ്നങ്ങളിലേക്ക് 1992-ൽ റിയോഡിജനിറോയിൽ നടന്ന പ്രകൃതി-വികസനകാര്യങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസമ്മേളനം ജനശ്രദ്ധ ക്ഷണിക്കുകയും പ്രശ്നപരിഹാരത്തിനുള്ള നിർദേശങ്ങൾ ആവിഷ്കരിക്കുകയും ചെയ്തിരുന്നു.

## പരിഷ്കാരത്തിന്റെ ഭൂമിക

ഇവയിൽ ആദ്യത്തെ ഘടകവുമായി ബന്ധപ്പെട്ട് അമേരിക്ക മുതൽ ജപ്പാൻവരെയുള്ള രാജ്യങ്ങളിൽ പാഠ്യപദ്ധതി പരിഷ്കാരം കഴിഞ്ഞ പത്തുവർഷങ്ങളായി നടന്നുവരികയാണ്. പുതിയ വിജ്ഞാനവും പുതിയ നൈപുണികളും വളർന്നുവരുന്ന തലമുറക്ക് പകർന്നുകൊടുക്കുകയാണ് അതിന്റെ ലക്ഷ്യം. രണ്ടാമതു പറഞ്ഞതരം നീക്കത്തിന് ഐക്യരാഷ്ട്രസഭതന്നെ മുൻകൈയെടുത്തു. യുനെസ്കോ നിയോഗിച്ച അന്താരാഷ്ട്രകമ്മീഷൻ ഇരുപത്തൊന്നാം നൂറ്റാണ്ടിനുവേണ്ട വിദ്യാഭ്യാസത്തെക്കുറിച്ച് 1996-ൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. *പഠനം: അകത്തുള്ള നിധി* എന്ന തലക്കെട്ടിലാണ് അതു പ്രസിദ്ധീകരിച്ചിരിക്കുന്നത്.

വിദ്യാഭ്യാസത്തിന്റെ അടിത്തറ നാല് സ്തംഭങ്ങളാണെന്ന് അന്താരാഷ്ട്ര കമ്മീഷൻ പറയുന്നു. ഒന്നിച്ചു ജീവിക്കാനുള്ള പഠനം, അറിയാനുള്ള പഠനം, ചെയ്യാനുള്ള പഠനം, സ്വന്തം അസ്തിത്വത്തിനുവേണ്ടിയുള്ള പഠനം. ഇവയിൽ അവസാനത്തേതായിരുന്നു 1972-ൽ *ഇന്നത്തെയും നാളത്തെയും വിദ്യാഭ്യാസലോകം* എന്ന തലക്കെട്ടിൽ യുനെസ്കോ പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്റെ പ്രധാന ഉള്ളടക്കം. സമൂഹത്തിന്റെയും ചുറ്റുപാടിന്റെയും മാറിവരുന്ന രൂപഭാവങ്ങളനുസരിച്ച് അവയെ മനസിലാക്കാനും അവയോടു പ്രതികരിക്കാനും വ്യക്തികൾക്കു നൽകുന്ന പരിശീലനത്തിലും കാര്യമായ മാറ്റങ്ങൾ ആവശ്യമുണ്ട് എന്ന് യുനെസ്കോയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കപ്പെട്ട ഈ രണ്ടു പഠനറിപ്പോർട്ടുകളും നമ്മെ പഠിപ്പിക്കുന്നു.

കേരളത്തിൽ ഇപ്പോൾ നടപ്പാക്കപ്പെട്ടിരിക്കുന്ന പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും അന്തർദേശീയനിലവാരത്തിൽ നടന്നുവരുന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെയും അവയ്ക്കു പ്രേരകമായ പഠനറിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടവയാണെന്നു പറഞ്ഞുകൂടാ. എന്നാൽ, ഈ അന്തർദേശീയ സംഭവവികാസങ്ങളുടെ പരോക്ഷമായ സ്വാധീനം മറ്റെവിടെയും എന്നപോലെ കേരളത്തിലും ഉണ്ടായിട്ടുണ്ട്. അവയുടെ സ്വഭാവവും ഉദ്ദേശങ്ങളും കൂടുതൽ പഠിക്കുകയും, ഇവിടെ നടപ്പാക്കുന്ന പാഠ്യപദ്ധതി പരിഷ്കാരത്തിൽ പ്രസക്തമായ കാര്യങ്ങൾ ഉൾച്ചേർക്കുകയും ചെയ്യേണ്ടത് നമ്മുടെ വിദ്യാഭ്യാസത്തിന് സാർവദേശീയമാനവും പ്രസക്തിയും ഉണ്ടാക്കുന്നതിന് ആവശ്യമാണ്.

## വിമർശനത്തിന്റെ ദിശ

ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പാഠ്യപദ്ധതിയിൽ അതിന്റെ ഭാഗമായ സിലബസ്, അധ്യാപനരീതി, മൂല്യനിർണയം എന്നിവയിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ അനാവശ്യമോ അപ്രസക്തമോ ആണെന്നാണ് അതിനെതിരായ വിമർശനത്തിന്റെ മർമം. നിലവിലുള്ള പാഠ്യപദ്ധതിയാണ് ഇതിലും നല്ലത് എന്ന് അഭിപ്രായപ്പെട്ട വിദ്യാഭ്യാസ വിചക്ഷണരുണ്ട്. യുനെസ്കോ നിയോഗിച്ച വിദ്യാഭ്യാസകമ്മീഷനും വിവിധരാജ്യങ്ങളിലെ കമ്മീഷനുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസവി

ദഗ്ധരും പ്രവർത്തകരും ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയെ ഭാവിയിലെ ആവശ്യങ്ങളുമായി തട്ടിച്ചുനോക്കിയപ്പോൾ, നമ്മുടെ ഒരുകൂട്ടം പണ്ഡിതരും വിദ്യാഭ്യാസപ്രവർത്തകരും ഇന്നത്തെ (പുതിയ) വിദ്യാഭ്യാസപദ്ധതിയെ ഭൂതകാലവുമായാണ് തട്ടിച്ചുനോക്കിയത്. വിദ്യാഭ്യാസപ്പഴമയുടെ മേന്മയാണ് അവർ എടുത്തുകാട്ടുന്നത്. അവർ വിദ്യാഭ്യാസത്തെ, ഭാവിയിലെ കാണാപ്പുറങ്ങളിൽ ജീവിതായോധനം നടത്താൻ വളരുന്ന തലമുറക്ക് നൽകേണ്ട കരുക്കളായാണ് അവസംബന്ധിച്ച പരിശീലനമായല്ല കാണുന്നത്. അത്തരത്തിൽ വിദ്യാഭ്യാസത്തെ നവീകരിക്കലല്ല അവരുടെ ലക്ഷ്യം. പിന്നെയോ, പഠിതാക്കളെ ഭൂതകാലത്തിൽ കെട്ടിയിടാൻ ഉതകുന്ന ബന്ധുരകാഞ്ചന കൂടായിട്ടാണ് അവർ വിദ്യാഭ്യാസത്തെ കാണുന്നത്. പുരോഗമനമല്ല പശ്ചാദ്ഗമനമാണ് അവരുടെ ലക്ഷ്യം.

പുതിയ പാഠ്യപദ്ധതിയുടെ പ്രസക്തി മനസിലാക്കാൻ ഇതിനു വിധേയരാകുന്നവരുടെ പൊതുവായ അനുഭവം പരിശോധിക്കണം. എസ് എസ് എൽ സി പരീക്ഷയിലെ 50 ശതമാനമോ അതിലേറെയോ വരുന്ന — അവസാനമാർക്കിന്റെ അടിസ്ഥാനത്തിലുള്ള — പരാജയവും അതിലേറെവരുന്ന യഥാർഥപരാജയവും കാണണം. ഒമ്പതാം സ്റ്റാൻഡേർഡുവരെ എത്തുന്നവരിൽ 20 ശതമാനംപേരെ അവിടെവെച്ച് ഒഴിവാക്കിയശേഷമുള്ള സ്ഥിതിയാണിതെന്ന് ഓർക്കുക. ഏഴാം ക്ലാസിലെത്തുമ്പോഴും 40 ശതമാനത്തോളം കുട്ടികൾക്ക് മാതൃഭാഷയിലെ അക്ഷരങ്ങൾ മുഴുവനും അതുപോലെ പ്രാഥമിക അങ്കഗണിതക്രിയകളും അറിഞ്ഞുകൂടാ എന്നും ഓർക്കണം. ഈ പോരായ്മകളിൽനിന്ന് അവരെ മോചിപ്പിച്ചുകൊണ്ടുമാത്രമേ ഭാവി വിദ്യാഭ്യാസം ആവശ്യപ്പെടുന്ന, കൂടുതൽ വിപുലവും കർക്കശവുമായ പരിശീലനത്തിന് വളരുന്ന തലമുറയെ വിധേയമാക്കാൻ കഴിയൂ. അങ്ങനെ ചെയ്താൽ മാത്രമേ അവർക്ക് വിദ്യാഭ്യാസംകൊണ്ട് പ്രയോജനം ലഭിക്കുകയുള്ളു. നിലവിലുള്ള പാഠപുസ്തകങ്ങളെയും അധ്യയനരീതിയെയും ന്യായീകരിക്കുന്നവർ ഇക്കാര്യം കണക്കിലെടുത്തിട്ടുണ്ടോ എന്നു വ്യക്തമല്ല.

പുതിയ പാഠ്യപദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയ പശ്ചാത്തലവും നടപടിക്രമങ്ങളും പലതവണ വിശദീകരിച്ചിട്ടും അതൊന്നും ശ്രദ്ധിക്കാതെ ലോകബാങ്ക് നിർദേശിച്ചതനുസരിച്ച് നടപ്പാക്കപ്പെടുന്നതാണ്

പുതിയ പാഠ്യപദ്ധതി എന്നു മുറവിളികൂട്ടുകയാണ് ഒരു വിഭാഗം ആളുകൾ. ഡി പി ഇ പി ലോകബാങ്കിന്റെ മാത്രം പദ്ധതിയാണെന്ന് ഒരു വാദത്തിനുവേണ്ടി അംഗീകരിക്കുകയാണെങ്കിൽത്തന്നെ അതു നിർദേശിക്കുന്ന പാഠ്യപദ്ധതി ഡി പി ഇ പി ജില്ലകളിൽ മാത്രമേ നടപ്പാക്കേണ്ടതുള്ളൂ. എന്നാൽ, കേരളത്തിലെ 14 ജില്ലകളിലേക്കും അത് വ്യാപിപ്പിച്ചുകഴിഞ്ഞു. ഡി പി ഇ പി ജില്ലകളിൽ വിപുലമായ അധ്യാപക പരിശീലനത്തിന് ആവശ്യമായ സംവിധാനം ഉണ്ട് എന്നതിനാൽ പാഠ്യപദ്ധതി ആദ്യം ആ ജില്ലകളിൽ നടപ്പാക്കാനും ഒരു വർഷം കഴിഞ്ഞ് മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കാനുമാണ് കരിക്കുലം കമ്മിറ്റിയും ഗവൺമെന്റും 1997-ൽ തീരുമാനിച്ചത്. മാത്രമല്ല, ഇതിന്റെ തുടർച്ചയായി പന്ത്രണ്ടാം ക്ലാസ്‌വരെ പാഠ്യപദ്ധതി പരിഷ്കരിക്കാനും ഗവൺമെന്റ് തീരുമാനിച്ചു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള പരിഷ്കാരം നടപ്പാക്കിവരികയാണ്. കേരളത്തിൽ ലോവർ പ്രൈമറി ക്ലാസുകളിൽ വികസിപ്പിച്ചെടുത്ത പാഠ്യപദ്ധതി മാതൃകയാക്കി മറ്റു സംസ്ഥാനങ്ങളിൽ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനും എൻ സി ഇ ആർ ടി (നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിങ്) ഈയിടെ നിർദേശം നൽകി. അത് ഈ പാഠ്യപദ്ധതി ലോകബാങ്ക് പ്രേരിതമാണെന്ന പ്രചാരണത്തിന്റെ മുനയൊടിക്കുന്നു.

കേരളത്തിൽ ലോവർ പ്രൈമറി പാഠ്യപദ്ധതിപരിഷ്കാരം ലോകബാങ്കിന്റെ കുറിപ്പടി അനുസരിച്ചാണ് എന്ന് ഇന്റർനെറ്റിലെ ഏതോ വെബ്സൈറ്റിൽനിന്നുകിട്ടിയ രേഖയെ സാക്ഷിനിർത്തി വാദിക്കുന്നവർ ഇവിടെ നടക്കുന്ന കാര്യങ്ങളും ഇവിടെ തയ്യാറാക്കിയ രേഖകളും നോക്കാതെ വിദേശത്തു കണ്ണുംനട്ടിരിക്കുന്നവരാണ്. കണ്ണും കരളും വിദേശത്തായതുകൊണ്ട് അവർ ഇംഗ്ലീഷ് മീഡിയത്തിനുവേണ്ടി ശക്തിയായി വാദിക്കുന്നു. പുതിയ പാഠ്യപദ്ധതിക്കെതിരായ വാദമുഖങ്ങളുടെ ഒരു പ്രഭവകേന്ദ്രം വിദ്യാഭ്യാസ വ്യാപാരശാലകളാണെന്ന് ഇത് വെളിവാക്കുന്നു. വിദേശത്ത് ജോലി ലഭിക്കാൻ അർഹത നേടണമെങ്കിൽ പ്രൈമറിതലം തൊട്ടേ ഇംഗ്ലീഷ് പഠിക്കണമെന്നും 'ലോകബാങ്കിന്റെ പാഠ്യപദ്ധതി' അത് നിഷേധിക്കുന്നു എന്നും അവർ കുറ്റപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട മുൻ യു ജി സി ചെയർമാൻ ഡോ. യശ്പാൽ ഉൾപ്പെ

ടെയുള്ളവരെ ലോകബാങ്കിന്റെ ഏജന്റുമാരായി അവർ മുദ്രകുത്തുന്നു.

## ഇരുപതുവർഷത്തെ പഠന മനനങ്ങൾ

സ്കൂൾ വിദ്യാഭ്യാസം നിരക്ഷരകുടുംബങ്ങളിൽനിന്നുള്ള കുട്ടികളെ ഉൾപ്പെടുത്തി വ്യാപകമാക്കാൻ തുടങ്ങിയതോടെ പഴയ പാഠ്യപദ്ധതിയും അധ്യാപന-മൂല്യനിർണയരീതികളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി എൻ സി ഇ ആർ ടി ശ്രദ്ധിക്കാൻ തുടങ്ങിയിരുന്നു. ഇതിനുപരിഹാരമുണ്ടാക്കാനുള്ള പഠനങ്ങളും പരീക്ഷണങ്ങളും 1978 മുതൽ അവർ ആരംഭിച്ചു. ഈശ്വർഭായി കമ്മിറ്റിറിപ്പോർട്ട് ഈ ദിശയിലുള്ള തുടക്കം കുറിച്ചു. ആചാര്യ രാമമൂർത്തികമ്മിറ്റി, യശ്പാൽ കമ്മിറ്റി മുതലായവയും ഇങ്ങനെ വ്യത്യസ്ത സന്ദർഭങ്ങളിൽ നിയോഗിക്കപ്പെട്ടവയാണ്. സ്കൂൾ പദ്ധതി നവീകരിക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ വിവരങ്ങൾ അതിൽ കുത്തിത്തിരുകാനുള്ള ശ്രമം 1980–കളിൽ നടന്നിരുന്നു. അതിന്റെ ദൂഷ്യഫലങ്ങൾ വിലയിരുത്തിക്കൊണ്ടുള്ളതുകൂടിയാണ് യശ്പാൽ കമ്മിറ്റിറിപ്പോർട്ട്. ഇവയുടെയെല്ലാം നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഏറ്റവും കുറഞ്ഞ പഠനനിലവാരം (എം എൽ എൽ) എന്ന ആശയവും അതിന്റെ അടിസ്ഥാനത്തിലുള്ള പാഠ്യപദ്ധതിയും പരീക്ഷണവിധേയമായത്. അതും പൊതുവിൽ സ്വീകാര്യമായില്ല. അതിന്റെ പരിഷ്കൃത രൂപമാണ് പുതിയ പാഠ്യപദ്ധതി. എം എൽ എല്ലിനെ എൻ സി ഇ ആർ ടി പൊതുവിൽ അംഗീകരിക്കാത്തതുകൊണ്ടാണ് കേരളത്തിലെ പാഠ്യപദ്ധതിയെ മാതൃകയാക്കാൻ അത് മറ്റു സംസ്ഥാനങ്ങളോടു നിർദേശിച്ചത്.

പലരും പ്രകീർത്തിക്കുന്ന പഴയ പാഠ്യപദ്ധതി എല്ലാത്തരം കുട്ടികളെയും ലക്ഷ്യമാക്കിയുള്ളതായിരുന്നില്ല. അവരിൽ അന്തർലീനമായ നാനാതരം കഴിവുകളെ വളർത്തുക അതിന്റെ ലക്ഷ്യവുമായിരുന്നില്ല. കുട്ടികൾക്ക് ജീനിവെക്കലായിരുന്നു അതിന്റെ ദൃഷ്ടിയിൽ പൊതുവിദ്യാഭ്യാസം, വിശേഷിച്ച് പ്രൈമറി വിദ്യാഭ്യാസം. പാഠപുസ്തകത്തിൽ വിവരിക്കുന്ന കാര്യങ്ങൾ, അധ്യാപകർ പറഞ്ഞുകൊടുക്കുന്ന കാര്യങ്ങൾ ഇവ ഉൾക്കൊള്ളാൻ കുട്ടികളെ പരിശീലിപ്പിക്കലായിരുന്നു അത്. അങ്ങനെ പറഞ്ഞുകൊടുത്ത കാര്യങ്ങൾ എത്രമാത്രം അവർ

ഉൾക്കൊണ്ടു എന്നു വിലയിരുത്താനായിരുന്നു പരീക്ഷ. സ്കൂളിൽ പഠിക്കുന്ന എല്ലാവരും എത്രമാത്രം ഉൾക്കൊണ്ടു? വേണ്ടത്ര ഉൾക്കൊള്ളാത്തവരെക്കൊണ്ട് എങ്ങനെ അവ സ്വായത്തമാക്കിക്കാം എന്നതൊന്നും ആ പാഠ്യപദ്ധതിയുടെ ഭാഗമായ അധ്യാപനരീതിക്കു പ്രശ്നമായിരുന്നില്ല. സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽനിന്നുവരുന്ന കുട്ടികൾ കാര്യങ്ങൾ ഉൾക്കൊള്ളാനാകാതെ മണ്ടന്മാരും മണ്ടികളുമായി മുദ്രകുത്തപ്പെടുന്നത് ആ പാഠ്യപദ്ധതിക്ക് ഒരു സാമൂഹിക-വിദ്യാഭ്യാസ പ്രശ്നമായി തോന്നിയില്ല. മാത്രമല്ല, യുനെസ്കോയുടെ 21-ാം നൂറ്റാണ്ടിലെ വിദ്യാഭ്യാസം സംബന്ധിച്ച റിപ്പോർട്ടിൽ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനങ്ങളായി പറയുന്ന, ഒന്നിച്ചു ജീവിക്കാനും അറിയാനും ചെയ്യാനും സ്വന്തം അസ്തിത്വം ഉറുപ്പിക്കാനുമുള്ള പഠനത്തിന് പഴയ പാഠ്യപദ്ധതിയിൽ സ്ഥാനമില്ല. കാണാപ്പാഠം പഠിക്കലിനാണ് ഊന്നൽ.

## പുതിയതിന്റെ മേന്മ

പുതിയ പാഠ്യപദ്ധതിയിൽ യുനെസ്കോ രേഖയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകപ്പെട്ടിട്ടുണ്ട്. മറ്റുള്ളവരെയും ഒപ്പം അവരുടെ ചരിത്രവും പൈതൃകവും ആത്മീയമൂല്യങ്ങളും മനസിലാക്കാനുള്ള സന്നദ്ധതയാണ് ഒന്നിച്ചുജീവിക്കലിന്റെ അടിസ്ഥാനം. പുതിയ പാഠ്യപദ്ധതി അതിന് ഒന്നിച്ചുപഠിക്കലിലൂടെ തുടക്കം കുറിച്ചിട്ടുണ്ട് എന്നുകാണാം. അറിവ് പാഠപുസ്തകങ്ങളിൽ മാത്രമല്ല; അതു സാമൂഹികവും പ്രാകൃതികവുമായ ചുറ്റുപാടുമായി സംവദിക്കുന്നതിൽനിന്നാണ് കുട്ടിക്കു ലഭിക്കുക; പാഠപുസ്തകം അതിലേക്കുള്ള കൈത്തിരി മാത്രമാണ്. പഴയ പാഠ്യപദ്ധതി അറിവിനെ പാഠപുസ്തകങ്ങളിൽ ഉള്ളതുമാത്രമായി കണക്കാക്കുന്നു. പുതിയ പാഠ്യപദ്ധതി പാഠപുസ്തകത്തിൽനിന്നും ചുറ്റുപാടിൽനിന്നും അറിയാനുള്ള അവസരമൊരുക്കുന്നു. പഴയ പാഠ്യപദ്ധതിയിൽ ചെയ്യാൻ ഒരവസരവുമില്ല. അതിന്റെ ആവശ്യം അത് അപ്പാടെ നിഷേധിച്ചിരിക്കുന്നു. പുതിയ പാഠ്യപദ്ധതി ചെയ്യലിലൂടെ കാര്യങ്ങൾ ശ്രദ്ധിക്കാനും വിശകലനം ചെയ്യാനും നിഗമനത്തിലെത്താനും കുട്ടികൾക്ക് അവസരമൊരുക്കിക്കൊടുക്കുന്നു. ഓരോ വ്യക്തിയും കുഴിച്ചിട്ട നിധിപോലെ മറഞ്ഞുകിടക്കുന്ന കഴിവുകളെല്ലാം വികസിപ്പിക്കുക എന്നതാണ് സ്വന്തം അസ്തി

ത്വമുറപ്പിക്കുന്നതിനുള്ള പഠനം. ഓർമ, യുക്തിചിന്ത, ഭാവന, കായിക ശേഷി, സൗന്ദര്യബോധം, അഭിപ്രായവിനിയമശേഷി, സംഘനേതൃത്വ ക്കഴിവ് മുതലായവ യുനെസ്കോ റിപ്പോർട്ട് ഈ സന്ദർഭത്തിൽ എടു ത്തുപറയുന്നു. പുതിയ പാഠ്യപദ്ധതി കുട്ടികളിൽ ഈ കഴിവുകൾ വിക സിപ്പിക്കുന്നതിന് പല പ്രവർത്തനങ്ങളും പാഠപുസ്തകങ്ങളിലും അധ്യാ പകസഹായികളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനർഥം ഇപ്പോൾ നട പ്പാക്കിയിട്ടുള്ള പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും കുറ്റമറ്റതാണെ ന്നല്ല. സിദ്ധാന്തത്തിലൂടെയും പ്രയോഗത്തിലൂടെയും മുന്നേറുന്നതാണ് വിദ്യാഭ്യാസശാസ്ത്രം. ആ നിലയ്ക്ക് അധ്യാപകരുടെ പ്രായോഗികാ നുഭവത്തിന്റെ വെളിച്ചത്തിൽ പാഠപുസ്തകങ്ങളും പാഠ്യപദ്ധതിത ന്നെയും പരിഷ്കരിക്കേണ്ടിവരും. 1998-99 -ലെ പാഠപുസ്തകങ്ങളിൽ അന്നുതന്നെ ചില മാറ്റങ്ങൾ വരുത്തിയിരുന്നു. 1999-2000 ത്തിലെ പുസ്ത കത്തിലും മാറ്റങ്ങൾ വരുത്തുന്നുണ്ട്. എന്നാൽ, ഒരുകൂട്ടം വിമർശകർ പറയുന്നതുപോലെ പാഠ്യപദ്ധതിയുടെ അലകുംപിടിയും മാറ്റുന്നില്ല. അടി സ്ഥാനസമീപനം നിലനിർത്തിക്കൊണ്ട് അതു കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ പാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യ ത്തോടെയുള്ളവയാണ് വരുത്തുന്ന മാറ്റങ്ങൾ എന്നാണറിയുന്നത്. തയ്യാ റാക്കിയത് പാഠ്യപദ്ധതിയനുസരിച്ച് പാഠപുസ്തകങ്ങൾ തയ്യാറാക്കി വിത രണം ചെയ്യുന്നതിലും അധ്യാപകർക്ക് പരിശീലനം നൽകുന്നതിലും വിദ്യാഭ്യാസവകുപ്പിന്റെ ഭാഗത്തുണ്ടായ വീഴ്ചകൾ പാഠ്യപദ്ധതിയെക്കു റിച്ച് രക്ഷിതാക്കൾക്ക് സംശയം ഉന്നയിക്കുന്നതിനും മാധ്യമങ്ങളിൽ വിമർശനം ഉയരുന്നതിനും ഇടയാക്കിയിട്ടുണ്ട്.

യുനെസ്കോ രേഖയിലും എൻ സി ഇ ആർ ടി രേഖയിലും പറ യുന്ന മൗലികസമീപനമാണ് പുതിയ പാഠ്യപദ്ധതിയുടെ അടിത്തറ. അത് എങ്ങനെ കേരളീയ പരിതഃസ്ഥിതിക്ക് കൂടുതൽ അനുയോജ്യമാക്കാം എന്ന പരിശോധന പ്രസക്തവും ആവശ്യവുമാണ്. അതിന്റെയടിസ്ഥാ നത്തിൽ പാഠ്യപദ്ധതിയിലും പാഠപുസ്തകങ്ങളിലും എന്തെന്തുമാറ്റങ്ങൾ വരുത്തുമെന്ന് ആലോചിക്കേണ്ടതുണ്ട്. അതിനുപുറമേ പാഠ്യപദ്ധതി യിലെ പ്രസ്താവനകളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും അധ്യാപ നാനുഭവത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാവുന്നതാണ്. അതു പോലെ കേരളീയസമൂഹത്തിലെ തൊഴിലാവശ്യവുമായി ബന്ധപ്പെടു

ത്തിയും കേരളത്തിനു പുറത്തുള്ള തൊഴിൽ സാധ്യതകൾ പരിഗണിച്ചും സെക്കൻഡറി പാഠ്യപദ്ധതിയിൽ എന്തെന്തുമാറ്റങ്ങൾ വേണമെന്ന് വിശദമായി പരിശോധിച്ചു തീരുമാനിക്കേണ്ടതുണ്ട്. ഇതിന്റെ തുടർച്ചയായി ഉന്നതവിദ്യാഭ്യാസത്തിലും വരുത്തേണ്ട മാറ്റങ്ങൾ പരിഗണിക്കാം. ഇവ സംബന്ധിച്ചുണ്ടാകുന്ന ഏതു വിമർശനത്തെയും നിർദേശത്തെയും വിദ്യാഭ്യാസാധികൃതർ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

അത്തരത്തിൽ സൃഷ്ടിപരവും ആവശ്യപരവുമായ ചർച്ച നടക്കണമെങ്കിൽ ഇപ്പോൾ ലോകബാങ്കുമായും ഡി പി ഇ പിയുമായും ബന്ധപ്പെടുത്തി പാഠ്യപദ്ധതി പരിഷ്കാരത്തെ വിദ്യാഭ്യാസബാഹ്യവും അടിസ്ഥാനരഹിതവുമായി വിമർശിക്കുന്നത് അവസാനിപ്പിക്കണം. അതുപോലെ പ്രൈമറിയിൽ മുമ്പുണ്ടായിരുന്നതും സെക്കൻഡറിയിൽ ഇപ്പോൾ നിലവിലുള്ളതുമായ പാഠ്യപദ്ധതികളെ അന്ധമായി മഹത്വവൽക്കരിച്ചുകൊണ്ടുള്ള പുതിയ പാഠ്യപദ്ധതിയിന്മേലുള്ള വിമർശനവും ഒഴിവാക്കണം. കാരണം, അത്തരം വിമർശനം വിദ്യാഭ്യാസ പരിഷ്കാരത്തിനു സൃഷ്ടിപരമായ ഒരു സംഭാവനയും ചെയ്യില്ല. നിരർഥകമായ വാചാടോപമായി പര്യവസാനിക്കുകയേയുള്ളൂ.

പഴയ പാഠ്യപദ്ധതിയുടെ ചില പരിമിതകൾ നേരത്തെ ചൂണ്ടിക്കാട്ടിയിരുന്നു. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾ ഗണ്യമായുള്ള കേരളീയസമൂഹത്തിൽ വിദ്യാഭ്യാസപുരോഗതി എല്ലാ കുട്ടികളും സ്കൂളിൽ ചേരുന്നതുകൊണ്ടുമാത്രം ഉണ്ടാവില്ല. അവർക്ക് നമ്മുടെ സാമൂഹിക പശ്ചാത്തലത്തിൽ സംഗതമായ വിജ്ഞാനവും നൈപുണികളും ലഭിക്കുന്നതിനും സ്വായത്തമാക്കുന്നതിനും വേണ്ട സൗകര്യങ്ങളും പ്രേരണയും വിദ്യാലയത്തിലൊരുക്കണം. പഴയ പാഠ്യപദ്ധതിക്കുകീഴിൽ ഇതിനുവേണ്ട മുന്നൊരുക്കമോ മുൻകയ്യോ ആരും എടുത്തിരുന്നില്ല; എടുക്കണമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നുമില്ല. അധ്യാപകർ ക്ലാസിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നു നിഷ്കർഷിക്കപ്പെട്ടിട്ടില്ല. അധ്യാപനം കൂടുതൽ ഫലപ്രദമാക്കാൻ ആവശ്യമായ പുനഃപരിശീലനം അവർക്ക് നൽകപ്പെട്ടുമില്ല. ഈ പശ്ചാത്തലത്തിലാണ് പഴയ പാഠ്യപദ്ധതി വിദ്യാലയങ്ങളിൽ കൈകാര്യം ചെയ്യപ്പെട്ടതും മുകളിൽ വിവരിച്ച തരത്തിലുള്ള വൻപരാജയശതമാനവും ഒരു വിഭാഗം കുട്ടികളുടെ

13347

വളരെ താഴ്ന്ന നിലവാരവും ഉണ്ടായതും. ഒന്നാം ക്ലാസിൽ ചേരുന്നവ രിൽ ഏതാണ്ട് 40 ശതമാനം മാത്രം എസ് എസ് എൽ സി പരീക്ഷ പാസാവുകയും ബാക്കിയുള്ളവരൊന്നും അഭ്യസ്തവിദ്യ അർഹിക്കുന്ന ജോലിക്ക് യോഗ്യരല്ലാതായതും, തൊഴിലില്ലാത്തവരായി രജിസ്റ്റർ ചെയ്യു ന്നതിൽ മഹാഭൂരിപക്ഷവും എസ് എസ് എൽ സി കോഴ്സ് പൂർത്തി യാക്കിവരായതും ഈ പശ്ചാത്തലത്തിലാണ്. കേരളീയരിൽ മഹാഭൂരി പക്ഷത്തിന്റെ തൊഴിൽയോഗ്യത വർധിക്കണമെങ്കിൽ, തൊഴിൽകിട്ടുന്ന വരുടെ ഉൽപ്പാദനക്ഷമത വർധിക്കണമെങ്കിൽ, കേരളത്തിനു പുറത്ത് തൊഴിൽ ലഭിക്കാനുള്ള സാധ്യത കൂടണമെങ്കിൽ ഈ സ്ഥിതിവിശേഷം മാറണം. കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയരണം, ആത്മവിശ്വാസം വർധിക്കണം, അവരുടെ പൊതുവിജ്ഞാനനിലവാരം വർധിക്കണം, അതാണ് പുതിയ പാഠ്യപദ്ധതിയുടെ ലക്ഷ്യം. ഇതു സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരുടെ കാര്യത്തിൽ പ്രകടമായ പുരോഗതിയു ണ്ടാക്കുമെന്നാണ് ഇതിനകമുള്ള പല സൂചനകളും നൽകുന്ന ചിത്രം.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ച 1961–62 മുതൽ 1997–98 വരെ

| വർഷം | എച്ച് എസ് | യു പി | എൽ പി | ആകെ |
|---|---|---|---|---|
| 1961–62 | 629 | 1985 | 6745 | 9359 |
| 1969–70 | 1382 | 2532 | 6928 | 10842 |
| 1979–80 | 1680 | 2739 | 6970 | 11389 |
| 1984–85 | 2397 | 2856 | 6848 | 12101 |
| 1989–90 | 2430 | 2892 | 6813 | 12135 |
| 1994–95 | 2486 | 2912 | 6694 | 12092 |
| 1995–96 | 2573 | 2964 | 6728 | 12265 |
| 1996–97 | 2580 | 2968 | 6726 | 12274 |
| 1997–98 | 2592 | 2964 | 6717 | 12273 |

അവലംബം : എക്കണോമിക് റിവ്യൂ '98 സംസ്ഥാന ആസൂത്രണബോർഡ്